# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA IDK 8-66/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 21/03/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA IDK 8-66/22 തീയ്യതി: 21/03/2022

## ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4) ) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-03-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സി.ആർ.ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 30-12-2021 | 07-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 30-12-2021 | 07-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ടി.എസ്.ധനജയൻ , ഓഡിറ്റ് ഓഫീസർ
ശ്രീ.വി.ജി.സജിമോൻ , ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ചാക്കോ ,അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.എം.കെ.അഭിലാഷ് ,അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.എബി എബ്രഹാം ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ടി.ടി.മുഹമ്മദ് ഫാസിൽ ,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ )** |
|---|---|---|---|
| ശ്രീമതി. ശാന്തി ഹരിദാസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.എസ് .എൻ .അജിത്ത് | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ )** |
|---|---|---|---|
| ശ്രീ.പ്രശാന്ത് .ബി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഗണേശൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. ജിബി പോൾ | ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് | 01-04-2019 | 31-03-2020 |
| ഡോ.ഡോൺബോസ്കോ | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | .സി.എച്ച്.സി | | |
| ഡോ.ഡോണ ഏബ്രഹാം | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ.ഷാഹുൽ അഹമ്മദ്.എസ് | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.ത്യാഗരാജൻ .ടി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഉഷ രാജു | ഐ.സ്.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. വർഗീസ് ജോസഫ് | അസി.എൻജിനിയർ | 01-04-2019 | 14-02-2020 |
| ശ്രീ. അഭിലാഷ് പി. ശശി | അസി.എൻജിനിയർ | 15-02-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joseph Chacko (Asst. Audit Officer, On 30-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 11-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Benny Mathew (Auditor, On 31-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 28-02-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Benny Mathew (Auditor, On 31-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 09-03-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Joseph Chacko (Asst. Audit Officer, On 30-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-03-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.S.Dhanajayan (Audit Officer, On 07-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 28-02-2022) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: M.K.Abhilash (Asst. Audit Officer, On 30-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 28-02-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 07-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 28-02-2022) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 07-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 28-02-2022) | 1-8 |
| 9 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Benny Mathew (Auditor, On 03-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 05-03-2022) | 1-9 |
| 10 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 06-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-03-2022) | 1-10 |
| 11 | വാടക പൂർണ്ണമായും ഈടാക്കിയില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 08-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 28-02-2022) | 1-11 |
| 12 | ഫർണിച്ചർ വാങ്ങൽ - അപാകതകൾ<br>Written By: T.S.Dhanajayan (Audit Officer, On 07-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 09-03-2022) | 1-12 |
| 13 | സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കൽ<br>Written By: T.S.Dhanajayan (Audit Officer, On 07-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 09-03-2022) | 1-13 |
| 14 | ലൈഫ് ഭവന പദ്ധതി - അനർഹമായി തുക കൈപ്പറ്റിയത് സംബന്ധിച്ച്<br>Written By: Eby Abraham (Senior Grade Auditor, On 06-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 28-02-2022) | 1-14 |
| 15 | ഇ-ടെൻഡർ ഫോം വില,നിരതദ്രവ്യം എന്നിവ ഗ്രാമ പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 09-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 28-02-2022) | 1-15 |
| 16 | സി.ഡി.എസ് വെണ്ടറിംഗ് യൂണിറ്റിന് ധനസഹായം<br>Written By: T.S.Dhanajayan (Audit Officer, On 07-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 09-03-2022) | 1-16 |
| 17 | വേലമൂല്യം - PAC-യിൽ നിജപ്പെടുത്താതെ തുക അനുവദിച്ചു<br>Written By: V G Sajimon (Audit Officer, On 09-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 21-03-2022) | 1-17 |
| 18 | GST നഷ്ടപരിഹാര തുക തെറ്റായി നിർണയിച്ച് കരാറുകാരന് തുക അനുവദിച്ചു<br>Written By: V G Sajimon (Audit Officer, On 09-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 21-03-2022) | 1-18 |
| 19 | ടാറിംഗ് പ്രവൃത്തി ബില്ലിൽനിന്ന് കാലിവീപ്പ വില ഈടാക്കിയില്ല<br>Written By: V G Sajimon (Audit Officer, On 09-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 21-03-2022) | 1-19 |
| 20 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങളില്ല<br>Written By: V G Sajimon (Audit Officer, On 09-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 21-03-2022) | 1-20 |
| 21 | ഫയലുകൾ ഹാജരാക്കിയില്ല.<br>Written By: Eby Abraham (Senior Grade Auditor, On 09-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 21-03-2022) | 1-21 |
| 22 | മാലിന്യ പരിപാലന പദ്ധതി, അനുവദനീയമല്ലാത്ത തസ്തികകൾ രൂപീകരിച്ച് വേതനം നൽകിയത് | 1-22 |

| | | |
|---|---|---|
| | - തടസ്സം ₹5,90,038/-<br>Written By: Eby Abraham (Senior Grade Auditor, On 09-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-03-2022) | |
| 23 | ലൈഫ് ഭവന പദ്ധതി - ആദ്യ തവണ കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഭവനപദ്ധതി പൂർത്തിയാക്കാത്തത് സംബന്ധിച്ച്<br>Written By: Eby Abraham (Senior Grade Auditor, On 09-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-03-2022) | 1-23 |
| 24 | കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തി അധ്യാപക-രക്ഷാകർത്തൃ സമിതി പ്രവൃത്തി നടപ്പാക്കിയിരിക്കുന്നു<br>Written By: T.S.Dhanajayan (Audit Officer, On 10-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 21-03-2022) | 1-24 |
| 25 | കട്ട നിർമ്മാണ പദ്ധതി അനിശ്ചിതത്തിൽ - അഞ്ച് ലക്ഷത്തിൽപ്പരം രൂപയുടെ യന്ത്ര സാമഗ്രികൾ ജീർണ്ണാവസ്ഥയിൽ<br>Written By: M.K.Abhilash (Asst. Audit Officer, On 09-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 09-03-2022) | 1-25 |
| 26 | വക്കീൽ ഫീസ് നൽകിയത് - തുടർ നിരീക്ഷണം നടത്തേണ്ടതാണ്<br>Written By: M.K.Abhilash (Asst. Audit Officer, On 09-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 09-03-2022) | 1-26 |
| 27 | ഒത്തുതീർപ്പിലെത്തിയ കേസിന് പരമാവധി വക്കീൽ ഫീസ് നൽകിയിരിക്കുന്നു. -<br>Written By: M.K.Abhilash (Asst. Audit Officer, On 09-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 21-03-2022) | 1-27 |
| 28 | അംഗൻവാടികൾക്ക് കസേര വാങ്ങൽ - അപാകതകൾ<br>Written By: Joseph Chacko (Asst. Audit Officer, On 10-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 21-03-2022) | 1-28 |
| 29 | തുല്യതാ പഠിതാക്കൾക്ക് ഫീസ്, പുസ്തക വിതരണം - ചെലവ് വിവരങ്ങളില്ല<br>Written By: Joseph Chacko (Asst. Audit Officer, On 10-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 21-03-2022) | 1-29 |
| | ഭാഗം **2** | |
| 1 | കുത്തകക്കാരുമായി കരാർ ചമച്ചില്ല - ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ₹3,51,738/- നഷ്ടം<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 08-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-03-2022) | 2-1 |
| 2 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചത് ഈടാക്കിയതിനാൽ ഗ്രാമ പഞ്ചായത്തിന് ₹8934/- യുടെ നഷ്ടം<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 09-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-03-2022) | 2-2 |
| | ഭാഗം **3** | |
| 1 | വേലമൂല്യം PAC-യിൽ നിജപ്പെടുത്താതെ തുക അനുവദിച്ചു<br>Written By: V G Sajimon (Audit Officer, On 09-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 21-03-2022) | 3-1 |
| 2 | GST നഷ്ട പരിഹാര തുക തുക തെറ്റായി നിർണ്ണയിച്ച് കരാറുകാരന് തുക അനുവദിച്ചു<br>Written By: V G Sajimon (Audit Officer, On 09-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 21-03-2022) | 3-2 |
| 3 | ടാറിംഗ് പ്രവൃത്തി ബില്ലിൽ നിന്ന് കാലി വീപ്പ വില ഈടാക്കിയില്ല<br>Written By: V G Sajimon (Audit Officer, On 09-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 02-03-2022) | 3-3 |
| 4 | ഫർണിച്ചർ വാങ്ങൽ . അപാകതകൾ<br>Written By: T.S.Dhanajayan (Audit Officer, On 09-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 02-03-2022) | 3-4 |
| 5 | സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കൽ-അപാകതകൾ<br>Written By: T.S.Dhanajayan (Audit Officer, On 11-01-2022)<br>Last Updated By: C R Beenakumary (Deputy Director, On 21-03-2022) | 3-5 |
| 6 | കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തി അധ്യാപക-രക്ഷാകർത്തൃ സമിതി പ്രവൃത്തി നടപ്പാക്കിയിരിക്കുന്നു<br>Written By: T.S.Dhanajayan (Audit Officer, On 11-01-2022)<br>Last Updated By: T.S.Dhanajayan (Audit Officer, On 21-03-2022) | 3-6 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Benny Mathew (Auditor, On 30-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 02-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം<br>Written By: Eby Abraham (Senior Grade Auditor, On 06-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 02-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 08-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 02-03-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Benny Mathew (Auditor, On 30-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 02-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: M.K.Abhilash (Asst. Audit Officer, On 30-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 02-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.K.Abhilash (Asst. Audit Officer, On 30-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 02-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 05-01-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 02-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Benny Mathew (Auditor, On 30-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 02-03-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Benny Mathew (Auditor, On 30-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 02-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Benny Mathew (Auditor, On 30-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-03-2022) | 4-10 |
| 11 | തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Benny Mathew (Auditor, On 30-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 23-03-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 05.02.2019-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ച ബജറ്റ് 28.02.2019-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസാക്കിയിട്ടുണ്ട്. പ്രസ്തുത ബജറ്റ് പ്രകാരം ₹2,09,90,522/- മുന്നിരിപ്പും ₹35,58,76,000/- വരവും ₹36,53,61,650/- ചെലവും ₹1,15,04,962/- മിച്ചവും പ്രതീക്ഷിച്ചിരുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 05.02.2020-ലെ III-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച റിവൈസ്ഡ് ബജറ്റ് 13.03.2020-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ V(i) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരം ₹2,04,60,742/- മുന്നിരിപ്പും ₹58,72,61,000/- വരവും ₹58,40,37,765/- ചെലവും ₹2,36,83,977/- മിച്ചവും പ്രതീക്ഷിച്ചിരുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് പ്രൊപ്പോസലുകൾ 05.02.2019-ൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 5.2.2020-ലെ III-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച റിവൈസ്ഡ് ബജറ്റ് 13.03.2020-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ V(i) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, പുതുക്കിയ ബജറ്റ് ഫയലും അനുബന്ധ രേഖകളും ലഭ്യമല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2019-20-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ്-ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരുമാനം ₹ | വാർഷിക കണക്കുകൾ പ്രകാരമുള്ള വരുമാനം ₹ | വ്യത്യാസം ₹ |
|---|---|---|---|---|
| | വരവിനം | | | |
| 1 | തൊഴിൽ നികുതി | 3500000 | 1767454 | 1732546 |
| 2 | വാടക | 2900000 | 331000 | 2569000 |
| 3 | ഫീസുകൾ | 3950000 | 1614559 | 2335441 |
| 4 | വിൽപ്പന/വാഹന വാടക | 1850000 | 395376 | 1454624 |
| | ചെലവിനം | | | |

| | | | | |
|---|---|---|---|---|
| 1 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 23100000 | 5177741 | 17922259 |
| 2 | ഭരണ ചെലവുകൾ | 4425000 | 2546460 | 1878540 |
| 3 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 8840000 | 5358784 | 3481216 |
| 4 | പ്ലാൻ-ഉല്പാദന മേഖല | 17177691 | 5674488 | 11503203 |
| 5 | പ്ലാൻ-സേവന മേഖല | 103842121 | 92954555 | 10887566 |
| 6 | മെയിന്റനൻസ് പ്രോജക്ടുകൾ | 17250762 | 5797441 | 11453321 |

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹചെലവിനംണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 24.06.2020 | | |

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് /ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 49507000 | 49507000 | 32109214 | 17397786 |
| | എസ്.സി.പി | 0 | 47800000 | 47800000 | 24355218 | 23444782 |
| | റ്റി.എസ്.പി | 0 | 1469000 | 1469000 | 172164 | 1296836 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 38783133 | 38783133 | 11101588 | 27681545 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 7308000 | 7308000 | 3881448 | 3426552 |
| | റോഡ് | 0 | 3655000 | 3655000 | 2159514 | 1495486 |
| കേന്ദ്രാവിഷ്കൃത പദ്ധതി | ഐ.സി.ഡി.എസ് | 910082 | 2553413 | 3463495 | 0 | 3463495 |
| | ശുചിത്വമിഷൻ | 9641401 | 0 | 9641401 | 0 | 9641401 |
| | പശ്ചിമ ഘട്ട വികസന പദ്ധതി | 500000 | 0 | 500000 | 0 | 500000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | അംഗനവാടി വൈദ്യുതി | 22000 | 0 | 22000 | 0 | 22000 |

| | | | | | | |
|---|---|---|---|---|---|---|
| | ശുചിത്വ ഗ്രാന്റ് | 34015 | 0 | 34015 | 34015 | 0 |
| | വിമുക്തി | 29690 | 592000 | 621690 | 422500 | 199190 |
| | കുടിവെള്ളപദ്ധതി ഗ്രാന്റ് | 299719 | 211608 | 511327 | 0 | 511327 |
| | ശബരിമല സ്പെഷ്യൽ ഫണ്ട് | 276939 | 500000 | 776939 | 691124 | 85815 |
| | നിർമ്മൽ പുരസ്കാരം | 250000 | 0 | 250000 | 0 | 250000 |
| | സമ്പൂർണ്ണ ശുചിത്വം | 81050 | 0 | 081050 | 0 | 81050 |
| | പട്ടികവർഗ്ഗ വികസനം | 69092 | 0 | 69092 | 0 | 69092 |
| | കേരളോത്സവം | 0 | 20000 | 20000 | 19978 | 22 |
| | ഗ്രാന്റ്(320300199) | 0 | 24647843 | 24647843 | 22687240 | 1960603 |
| | ഗ്രാന്റ്(320200307) | 0 | 39750 | 39750 | 39750 | |
| പഞ്ചായത്ത് | ദുരിതാശ്വാസം | 54613 | 0 | 54613 | 54613 | 0 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

*വികസന ഫണ്ട്* – പൊതുവിഭാഗത്തിൽ അവസാന മൂന്ന് ഗഡുക്കളും എസ്.സി.പി., റ്റി.എസ്.പി. വിഭാഗങ്ങളിൽ അവസാന രണ്ട് ഗഡുക്കളും അനുവദിച്ച വേളയിൽ അംഗൻവാടി പ്രതിഫലം, ജല അതോറിറ്റി കുടിശ്ശിക തുക, ലൈഫ് ലോൺ തിരിച്ചടവ് വിഹിതം എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങളും സ്രോതസ്സും ഇനം തിരിച്ച് ലഭ്യമല്ല.

പൊതു വിഭാഗം വികസന ഫണ്ട് ചെലവ് 64.86 ശതമാനം മാത്രം- 1.73 കോടി ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ പൊതു വിഭാഗം വികസന ഫണ്ട് വിഹിതമായ ₹4,95,07,000/-ൽ ₹3,21,09,214/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 64.86 ശതമാനം മാത്രമാണ് ചെലവ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹1,73,97,786/-ലാപ്സായി.

പട്ടികജാതി വിഭാഗം വികസന ഫണ്ട് ചെലവ് 50.95 ശതമാനം മാത്രം- 2.34 കോടി ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ പട്ടികജാതി വിഭാഗം വികസന ഫണ്ട് വിഹിതമായ ₹4,78,00,000/-ൽ ₹2,43,55,218/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 50.95 ശതമാനം മാത്രമാണ് ചെലവ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹2,34,44,782/- ലാപ്സായി.

പട്ടികവർഗ്ഗ വിഭാഗം വികസന ഫണ്ട് ചെലവ് 11.72 ശതമാനം മാത്രം- 12.96 ലക്ഷം ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ പട്ടികവർഗ്ഗ വിഭാഗം വികസന ഫണ്ട് വിഹിതമായ ₹14,69,000/-ൽ ₹1,72,164/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 11.72 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹12,96,836/-ലാപ്സായി.

റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 53.11 ശതമാനം മാത്രം- 34.26 ലക്ഷം ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ പട്ടികവർഗ്ഗ വിഭാഗം വികസന ഫണ്ട് വിഹിതമായ ₹73,08,000/-ൽ ₹38,81,448/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 53.11 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹34,26,552/-ലാപ്സായി.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 453 | 711794045 | 227 | 276096022 | 0 | 226 | 50% |

1. നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്ത പദ്ധതികൾ (എണ്ണം) | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 60 | 26 | 34 | 32738491 | 12088892 | 36.93 |
| 2. | അസി. സെക്രട്ടറി | 13 | 8 | 5 | 11900179 | 4302475 | 36.15 |
| 3. | അസിസ്റ്റന്റ് എൻജിനീയർ | 290 | 140 | 150 | 129915119 | 40374435 | 31.08 |
| 4. | കൃഷി ഓഫീസർ | 18 | 8 | 10 | 8090269 | 2954198 | 36.52 |
| 5. | വെറ്ററിനറി സർജൻ | 18 | 9 | 9 | 12539000 | 2224910 | 17.74 |
| 6. | വി.ഇ.ഒ | 9 | 7 | 2 | 496397631 | 201909605 | 40.67 |
| 7. | എം.ഒ. പി.എ.ച്ച്.സി | 12 | 7 | 5 | 1880304 | 1317685 | 70.08 |
| 8. | എം.ഒ. ആയുർവ്വേദം | 4 | 2 | 2 | 1325000 | 820100 | 61.89 |
| 9. | ഐ.സി.ഡി.എസ്. | 18 | 14 | 4 | 11513622 | 7772995 | 67.51 |
| 10. | ഹെഡ്മാസ്റ്റർ | 10 | 6 | 4 | 3744430 | 2330727 | 62.25 |
| 11. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 1 | 1750000 | 0 | 0.00 |
| | ആകെ | 453 | 227 | 226 | 711794045 | 276096022 | 38.79 |

വിവിധ ഫണ്ടുകളുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വികസന ഫണ്ട് (ജനറൽ) ₹ | വികസന ഫണ്ട് (SCP) ₹ | വികസന ഫണ്ട് (TSP) ₹ | CFC ഗ്രാന്റ് ₹ | തനത് ഫണ്ട് ₹ | ബ്ലോക്ക് പഞ്ചായത്ത് | റോഡിതരം ₹ | റോഡ് ₹ | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| അടങ്കൽ | 57168163 | 52729202 | 1677408 | 44549754 | 65492944 | 12289999 | 4386000 | 8769600 | 456788160 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ചെലവ് | 32109214 | 24355218 | 172164 | 11101588 | 18571742 | 9979999 | 2159514 | 3881448 | 173765135 |
| ചെലവ് % | 56.17 | 46.19 | 10.26 | 24.92 | 28.36 | 81.20 | 49.24 | 44.26 | 38.04 |

ആകെ അംഗീകാരം ലഭിച്ച 453 പദ്ധതികളിൽ 227 പദ്ധതികൾ അതായത് 50.11% മാത്രമാണ് നടപ്പാക്കിയത്. ആകെ അടങ്കൽ വെച്ചിരുന്നതിൽ 38.79% മാത്രമാണ് ചെലവ് വന്നത്. മരാമത്ത് പ്രവൃത്തികളിൽ 31% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. പദ്ധതി തുകകൾ ലാപ്സാകാതെ പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസന ഫണ്ട് (TSP)-യിൽ 10% മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളു. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ അടങ്കൽ വച്ച തുകയിൽ 25% മാത്രമാണ് ചെലവ് വന്നത്. നടപ്പാക്കാൻ സാധ്യമാകുന്ന പദ്ധതികൾ ഏറ്റെടുക്കേണ്ടതും അനുവദിക്കുന്ന തുകകൾ പൂർണ്ണമായും ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8484 | 1157992 | 1166477 | 1163005 | 3472 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 57253012 | 57253012 | 57253012 | 0 |

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 505200 | 95 |
| വിധവാ പെൻഷൻ | 9934200 | 1110 |
| വാർദ്ധക്യകാല പെൻഷൻ | 22518600 | 3953 |
| വികലാംഗ പെൻഷൻ | 2470900 | 440 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 78000 | 13 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.01.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹13,018/- (പതിമൂവായിരത്തി പതിനെട്ട് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് സംവിധാനം-

4 ക്ലാർക്കുമാരും 3 സീനിയർ ക്ലാർക്കുമാരും 2 ഓഫീസ് അറ്റന്റന്റുമാരും 2 ഫുൾടൈം സ്വീപ്പർമാരും 1 പാർട്ട് ടൈം സ്വീപ്പറും 1 അക്കൗണ്ടന്റും 1 ജൂനിയർ സൂപ്രണ്ടും 1 അസിസ്റ്റന്റ് സെക്രട്ടറിയും 1 സെക്രട്ടറിയും ഉൾപ്പെടുന്നതാണ്. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല.

പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതു ടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ടെണ്ടറുകളിൽ വ്യാപകമായ രീതിയിൽ വെട്ടിത്തിരുത്തലുകൾ കാണപ്പെടുന്നു. മാലിന്യ നിർമ്മാർജ്ജനത്തിനായി സമാന്തര സൊസൈറ്റിക്ക് പണം നൽകിയിട്ടുള്ളതായി കാണുന്നു. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം

തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയറിൽ ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്. എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. സൂപ്പർവൈസറി തലത്തിൽപെട്ടവരുടെ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ-

സൂചിക സോഫ്റ്റ് വെയറിൽ നിന്ന് എടുത്ത് സൂക്ഷിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ –

ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്നതിനുള്ള രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി-

ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ - കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ മേൽ പരിശോധന നടത്തുകയോ ചെയ്യുന്നില്ല.

1-9 വാർഷിക കണക്കുകളിലെ അപാകതകൾ

Balance Sheet – B(4)ലെ ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ (എൻ.ആർ.ഇ.ജി.എ., സാക്ഷരത എന്നിവ ഒഴികെ) നിലനിർത്തിയിരിക്കുന്ന അക്കൌണ്ടുകൾ ഏതെന്ന് വ്യക്തമല്ലാത്തതിനാൽ കൃത്യത ഉറപ്പ് വരുത്താനായില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. വാർഷിക കണക്കിൽ ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. പ്രയർ പീരിയഡ് ഐറ്റംസിൽ ഉൾപ്പെടുത്തി വിവിധയിനങ്ങളിലായി ₹2,77,870/- രേഖകളുടെ പിൻബലമില്ലാതെ എഴുതിത്തള്ളിയിരിക്കുന്നു.

1-10 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹50/- നിരക്കിലും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹60/- നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ചട്ടം (3) പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വസ്തു നികുതി ചുമത്തി ഈടാക്കണം. ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിൽ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ,

ഒരാളുടെ ഉടമസ്ഥതയിൽ ഉള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ, ഓരോ ഭാഗത്തിനും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4(1)ൽ പരാമർശിക്കുന്ന തരത്തിൽ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതുമാണ്. ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ, ഒരേ ഉപയോഗക്രമത്തിലുള്ള വിവിധ കട മുറികൾക്ക് തക്കതായ കാരണങ്ങളില്ലാതെ വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിച്ചത് മൂലം താഴെ വിവരിക്കുന്ന (100 ച. മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്കിന് പകരം 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ കുറഞ്ഞ നിരക്കിലാണ് നികുതി പിരിച്ചത്) പഞ്ചായത്തിന് ₹3,114/-യുടെ നഷ്ടം സംഭവിച്ചിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം | കെട്ടിടത്തിന് നൽകിയ നമ്പറുകൾ | തറ വിസ്തീർണ്ണം (ച.മീ.) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും . അടക്കം) ലൈബ്രറി സെസ്സ് | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്സ് | കുറവ് | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | നികുതി (PT) | ഗ്രന്ഥശാല വരി (LC) |
| 1. | ശ്രീ. അനീഷ് എസ്, ശ്രീവർണ്ണം നെല്ലിമല, വാളർഡി, വണ്ടിപ്പെരിയാർ | 231.48 | 7/1003 | 70.44 M2 | 50/ M2 | 4227+212 | 60/ M2 | 5073+254 | 846 | 42 |
| | | | 7/1004 | 80.52 M2 | | 4591+230 | | 5510+276 | 919 | 46 |
| | | | 7/1005 | 80.52 M2 | | 4349+218 | | 5220+261 | 871 | 43 |
| | | | | | | | | | 2636 | 131 |
| | ശ്രീ. ജോസഫ്. ടി.ഡി & ശ്രീ. ഷിജി തോമസ് & ശ്രീ. ഷാജി ചെറിയാൻ & ശ്രീ. ശ്രീകുമാർ & ശ്രീ. പ്രേംജി | 255.31 | 18/796 | 30.96 M2 | 50/ M2 | 1766+89 | 60/ M2 | 2119+106 | 353 | 17 |
| | | | 18/797 | 18.24 M2 | | 1041+53 | | 1249+63 | 208 | 10 |
| | | | 18/798 | 17.6 M2 | | 1004+51 | | 1205+61 | 201 | 10 |
| | | | 18/799 | 16.17 M2 | | 923+47 | | 1108+56 | 185 | 9 |
| | | | 18/800 | 18.95 M2 | | 1082+55 | | 1297+65 | 215 | 10 |
| | | | 18/801 | 16.59 M2 | | 947+48 | | 1138+57 | 191 | 9 |
| | | | 18/802 | 16.38 M2 | | 934+47 | | 1121+57 | 187 | 10 |
| | | | 18/803 | 16.38 M2 | | 934+47 | | 1121+57 | 187 | 10 |
| | | | 18/804 | 16.38 M2 | | 934+47 | | 1121+57 | 187 | 10 |
| | | | 18/805 | 32.81 M2 | | 1871+94 | | 2245+113 | 374 | 19 |
| | | | 18/806 | 26.88 M2 | | 1533+77 | | 1840+92 | 307 | 15 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | 18/807 | 9.73 M2 | | 555+28 | | 660+34 | 105 | 6 |
| | | | 18/808 | 18.24 M2 | | 1041+53 | | 1249+63 | 208 | 10 |
| | | | | | | | | | 2908 | 145 |
| 3. | ശ്രീ. ദാനിയേൽ ആർ. | 247.24 | 18/811 | 32.38 M2 | 50/ M2 | 1943+98 | 60/ M2 | 2332+117 | 389 | 19 |
| | | | 18/812 | 32.38 M2 | | 1943+98 | | 2332+117 | 389 | 19 |
| | | | 18/813 | 32.38 M2 | | 1943+98 | | 2332+117 | 389 | 19 |
| | | | 18/814 | 32.38 M2 | | 1943+98 | | 2332+117 | 389 | 19 |
| | | | 18/815 | 58.86 M2 | | 3532+177 | | 4238+212 | 706 | 35 |
| | | | 18/816 | 58.86 M2 | | 3532+177 | | 4238+212 | 706 | 35 |
| | | | | | | | | | 2968 | 146 |

വസ്തു നികുതി, ഗ്രന്ഥശാലാവരിഎന്നീ ഇനങ്ങളിലായി ആകെ ₹8,934/-യുടെ കുറവ് സംഭവിച്ചിരിക്കുന്നു. നികുതി നിർണ്ണയ നടപടികൾ പുനഃപരിശോധിച്ച് പ്രസ്തുത കെട്ടിടങ്ങളുടെ നികുതിയിൽ ചട്ട പ്രകാരമുള്ള വർദ്ധനവ് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/06.01.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-11 വാടക പൂർണ്ണമായും ഈടാക്കിയില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് 2019-20 സാമ്പത്തിക വർഷത്തിൽ ₹3,56,496/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ | കുടിശ്ശിക വരുത്തിയ കാലയളവ് | പ്രതിമാസ വാടക ₹ | കുടിശ്ശിക മാസങ്ങൾ | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | ശ്രീമതി. ശെൽവറാണി വി.<br>മറീന ഹൗസ്, മഞ്ചുമല ആറ്റോരം | 18/89 | 10/2019 മുതൽ 02/2020 വരെ | 1940 | 5 | 9700 | 03/2020, 04/2020,05/2020 എന്നീ മാസങ്ങളിലെ വാടക സ.ഉ (സാധാ)നം.276/2020 ഐ.ഡി തീയതി 30.03.2020 പ്രകാരം കോവിഡ് ആയതിനാൽ ഇളവ് അനുവദിച്ചു |
| 2 | ശ്രീമതി. ഭാഗ്യ ലക്ഷ്മി<br>W/O മോഹൻ<br>ചൂരക്കുളം | 18/85 | 10/2019 മുതൽ 02/2020 വരെ | 1714 | 5 | 8570 | |

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ | കുടിശ്ശിക വരുത്തിയ കാലയളവ് | പ്രതിമാസ വാടക ₹ | കുടിശ്ശിക മാസങ്ങൾ | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|
| 3 | ശ്രീമതി. ഹവ്വ ഉമ്മ ആട്ടെയിൽ, വള്ളക്കടവ് | 18/92 | 11/2019 മുതൽ 02/2020 വരെ | 2055 | 4 | 8220 | |
| 4 | ശ്രീമതി. ലീല ചെല്ലാദുരൈ ചെറിയപുരത്ത്, പശുമല | 18/94 | 04/2019 മുതൽ 02/2020 വരെ | 2522 | 11 | 27742 | |
| 5 | ശ്രീ. എബനേസർ എബിനി അരുൾ ഭവൻ (അക്ഷയ സെന്റർ) | 18/87,88 | 12/2019 മുതൽ 02/2020 വരെ | 1714 | 3 | 5142 | |
| 6 | അസി. മാനേജർ, സപ്ലൈകോ വണ്ടിപ്പെരിയാർ | 18/725 | 5/2019 മുതൽ 02/2020 വരെ | 6675 | 10 | 66750 | കരാർ ചമച്ചിട്ടില്ല |
| 7 | സെക്രട്ടറി, വനിതാ സഹകരണ സംഘം | 18/726 | 02/2020 | 7435 | 1 | 7435 | കരാർ ചമച്ചിട്ടില്ല |
| 8 | എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഓഫീസ് വണ്ടിപ്പെരിയാർ | 18/735 | 04/2019 മുതൽ 02/2020 വരെ | 20267 | 11 | 222937 | കരാർ ചമച്ചിട്ടില്ല |
| | | | | | ആകെ | 356496 | |

കുറിപ്പ് : കോവിഡ് മഹാമാരി പിടിപ്പെട്ടതിനാൽ 03/2020-ലെ വാടക സ.ഉ(സാധാ)നം.276/2020/ഐ.ഡി./തീയതി. 30.03.2020 പ്രകാരം സർക്കാർ ഇളവ് അനുവദിച്ചു.

ഓഡിറ്റ് വർഷത്തിൽ 44 മുറികൾ വാടകയ്ക്കായി നൽകിയിട്ടുണ്ട്. എന്നാൽ എല്ലാ വാടകക്കാരുമായി കരാർ ചമച്ചിട്ടില്ല. 18% ജി.എസ്.ടി.-യും അതിന്റെ ഒരു ശതമാനം പ്രളയ സെസ്സും അടക്കം കുടിശിക തുക ഈടാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടികൾ

സ്വീകരിച്ചിട്ടില്ല. കരാറിലേർപ്പെടാത്തതിനാലും ഇതുവരെ തുക ഈടാക്കാത്തതിനാലും ₹3,56,496/- ഗ്രാമ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുകയാണ്. തുടർച്ചയായി കുടിശ്ശിക വരുത്തുന്നവർക്ക് കടമുറികൾ വാടകയ്ക്ക് നൽകരുതെന്ന വ്യവസ്ഥ ലംഘിച്ച് ഇവർക്ക് തുടർന്നുള്ള വർഷങ്ങളിലും കരാറിലേർപ്പെടാതെ തന്നെ വാടകയ്ക്ക് നല്കിയിരിക്കുന്നതായി രജിസ്റ്ററിൽ കാണുന്നു. വാടക സംബന്ധിച്ച ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വാടക യഥാസമയം പിരിച്ചെടുക്കാത്തതിനാൽ 2018-19 വരെ ₹4,50,351/- കുടിശ്ശികയായി (2019-20-ലെ AFS - Schedule: B-15 പ്രകാരം). ₹4,50,351/- കുടിശ്ശിക വരുത്തിയവരെ സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും രജിസ്റ്ററിൽ ഇല്ല. കുടിശ്ശിക തുക പിഴ പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/06.01.2022) മറുപടി ലഭ്യമാക്കിയില്ല.

1-12 ഫർണിച്ചർ വാങ്ങൽ - അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഫർണിച്ചർ വാങ്ങുന്നതിനായി താഴെ സൂചിപ്പിക്കുന്ന രണ്ട് പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ബിൽ നം./വൗച്ചർ നം, തീയതി, തുക (₹) | വാങ്ങിയ ഫർണിച്ചറുകൾ, എണ്ണം |
|---|---|---|---|
| 1 | വാർഡ് 1-ലെ കമ്മ്യൂണിറ്റി ഹാളിന് 200 കസേരകൾ വാങ്ങൽ<br>പ്രോജക്ട് നം. 489/20<br>ഫണ്ടിനം - വികസനഫണ്ട്-പൊതുവിഭാഗം | 21901132/<br>10.03.20<br>₹99675/- | പ്ലാസ്റ്റിക് കസേര (കൈയ്യുള്ളത്)-40<br>പ്ലാസ്റ്റിക് കസേര (കൈയ്യില്ലാത്തത്)-157 |
| 2 | വാർഡ് 15 ഗ്രാമ്പി ഡിവിഷൻ വൃദ്ധസദനത്തിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ<br>പ്രോജക്ട് നം. 270/21<br>ഫണ്ടിനം - തനത് ഫണ്ട് | 1910025201360144598/<br>10.03.20-<br>₹47565/- | പ്ലാസ്റ്റിക് കസേര (കൈയ്യുള്ളത്)-10<br>പ്ലാസ്റ്റിക് കസേര (കൈയ്യില്ലാത്തത്)-85 |

പദ്ധതികളുടെ നടത്തിപ്പിൽ താഴെ രേഖപ്പെടുത്തിയിരിക്കുന്ന അപാകതകൾ കാണുന്നു.

16.12.2019-ലെ ക്വട്ടേഷൻ/ടെണ്ടർ നോട്ടീസ് പ്രകാരം പ്ലാസ്റ്റിക് കസേര-നീൽകമൽ/ചെയർമാൻ ആണ് ആവശ്യപ്പെട്ടിരിക്കുന്നത്. ജയ്സൺ ഇംപെക്സ് പുലിയന്നൂർ, പാലാ, ഫലാ ട്രേഡേഴ്സ് വണ്ടിപ്പെരിയാർ എന്നീ സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് | ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ | ക്വോട്ട് ചെയ്ത നിരക്കുകൾ |
|---|---|---|
| വാർഡ് 1-ലെ കമ്യൂണിറ്റി ഹാളിന് 200 കസേരകൾ വാങ്ങൽ | ഫലാ ട്രേഡേഴ്സ് | ചെയർമാന്ഫ്രണ്ട്‌ലി ചെയർ (കൈയ്യുള്ളത്)-₹390/-<br>ചെയർമാൻ (കൈയ്യുള്ളത്) -₹430/-<br>നീൽകമൽ (കൈയ്യുള്ളത്) -₹495/- |
| | | ചെയർമാന്ഫ്രണ്ട്‌ലി (കൈയ്യില്ലാത്തത്) -₹350/-<br>ചെയർമാൻ (കൈയ്യില്ലാത്തത്) -₹480<br>നീൽകമൽ (കൈയ്യില്ലാത്തത്) -₹549/- |
| | ജയ്സൺ | നീൽകമൽ (കൈയ്യുള്ളത്) - ₹435/- |

| | | |
|---|---|---|
| | ഇംപെക്സ് പുലിയന്നൂർ | ആരിസ്സ്(കൈയ്യുള്ളത്) - ₹ 475/-<br>ചെയർമാൻ (കൈയ്യുള്ളത്) - ₹ 420/-<br>ചെയർമാൻ (കൈയ്യില്ലാത്തത് ) - ₹390 / -<br>ആരിസ്സ് (കൈയ്യില്ലാത്തത് ) -₹430/ -<br>നീൽകമൽ (കൈയ്യില്ലാത്തത് ) -₹ 415/- |

ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് ജയ്സൺ ഇംപെക്സ് പുലിയന്നൂർ, പാലാ ആണ്. എന്നാൽ 27.12.2019-ലെ പഞ്ചായത്ത് കമ്മറ്റിയുടെ 3(4) നമ്പർ തീരുമാന പ്രകാരം സാമ്പിൾ ഹാജരാക്കാൻ നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. കമ്പനിയുടെ പേര് കാണിച്ച് ടെണ്ടർ ക്ഷണിച്ച സാഹചര്യത്തിൽ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടാത്ത ഇത്തരമൊരു അധിക നിബന്ധന വച്ചതിന്റെ കാരണം വ്യക്തമല്ല. മാത്രമല്ല സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് തയ്യാറാക്കി ഓഫീസ് കോപ്പി ഫയലിൽ ഉൾപ്പെടുത്തിയതല്ലാതെ പ്രസ്തുത സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതായി ഡെസ്പാച്ച് രജിസ്റ്ററിൽ കാണാൻ സാധിച്ചില്ല. തുടർന്ന് സാമ്പിൾ ഹാജരാക്കിയില്ല എന്ന കാരണത്താൽ പഞ്ചായത്ത് കമ്മറ്റിയുടെ 28.01.2020-ലെ 1(2) തീരുമാന പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി കൂടിയ നിരക്ക് രേഖപ്പെടുത്തിയ ഫലാ ട്രേഡേഴ്സ്, വണ്ടിപ്പെരിയാർ എന്ന സ്ഥാപനത്തിൽ നിന്ന് താഴെ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കിൽ വാങ്ങൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു.

നീൽകമൽ (കൈയ്യുള്ളത്) - ₹549/-

നീൽകമൽ (കൈയ്യില്ലാത്തത് ) - ₹495/-

ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന നിരക്ക് ഇതിന് നേരെ വിപരീതമായി നീൽകമൽ (കൈയ്യുള്ളത്) ₹495/-, നീൽകമൽ (കൈയ്യില്ലാത്തത് ) ₹549/- എന്നായിരുന്നു. തിരിച്ച് അംഗീകരിച്ചതിന്റെ കാരണം വ്യക്തമല്ല.

ഫലാട്രേഡേഴ്സ്, വണ്ടിപ്പെരിയാറിന്റെ 'ഇൻവോയ്സ് നം. 208/14.02.2020, 209/14.02.2020 പ്രകാരം കമ്മിറ്റി തീരുമാനിച്ച നിരക്കിൽ വാങ്ങൽ നടത്തിയിരിക്കുന്നു.

ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്ന കുറഞ്ഞ നിരക്കിലുള്ള ഇനം പരിഗണിക്കാതെ നീൽകമൽ കസേര തന്നെ വാങ്ങാനായിരുന്നു ഉദ്ദേശമെങ്കിൽ ജയ്സൺ ഇംപെക്സ് രേഖപ്പെടുത്തിയ നിരക്കായിരുന്നു കുറവ്. ഈ സ്ഥാപനത്തെ പരിഗണിക്കാതെ സാമ്പിൾ ഹാജരാക്കുക എന്ന അധിക നിബന്ധന ഫയലിൽ മാത്രം ഉൾപ്പെടുത്തി കൂടിയ വിലയ്ക്ക് വാങ്ങൽ നടത്തിയതിനാൽ താഴെപ്പറയുന്ന തുക അധികമായി ചെലവഴിച്ചിരിക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ഇനം | ഫലാട്രേഡേഴ്സ് നിരക്ക് പ്രകാരം നൽകിയ തുക ₹ | ജയ്സൺ ഇംപെക്സ് നിരക്ക് പ്രകാരം നൽകാവുന്ന തുക ₹ | അധികം നൽകിയത് ₹ |
|---|---|---|---|---|---|
| 1 | വാർഡ് 1-ലെ കമ്യൂണിറ്റിഹാളിന് 200 കസേരകൾ വാങ്ങൽ | പ്ലാസ്റ്റിക് കസേര (കൈയ്യുള്ളത്)-40<br>പ്ലാസ്റ്റിക് കസേര (കൈയ്യില്ലാത്തത്)-157 | 40 X 549 =21960<br>157 X495=77715<br>99675 | 40 X435=17400<br>157×415=65155<br>82555 | 17120 |
| 2 | വാർഡ് 15 ഗ്രാമ്പി ഡിവിഷൻ | പ്ലാസ്റ്റിക് കസേര (കൈയ്യുള്ളത്)-10 | 10 X549=5490<br>85 X 495=42075 | 10 X 435 =4350<br>85×415= 35275 | 7940 |

| | | | | | |
|---|---|---|---|---|---|
| | വൃദ്ധസദനത്തിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ | പ്ലാസ്റ്റിക് കസേര (കൈയ്യില്ലാത്തത്)-85 | 47565 | 39625 | |
| | | | | ആകെ | 25060 |

ആകെ അധികം നൽകിയ ₹25,060/- കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി കൂടിയ നിരക്കിന് വാങ്ങൽ നടത്തുന്നതിന് തീരുമാനമെടുത്ത് കമ്മിറ്റി അംഗങ്ങളുടെ കയ്യിൽ നിന്നും സെക്രട്ടറിയിൽ നിന്നുമായി ഈടാക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റിയിൽ 4-ാം വാർഡ് മെമ്പർ ഒഴികെയുള്ള 22 പേർ പങ്കെടുത്തിരിക്കുന്നു. ആയതിനാൽ നിർവ്വഹണം നടത്തിയ സെക്രട്ടറിയിൽ നിന്ന് ₹1,102/-യും 22 പഞ്ചായത്ത് അംഗങ്ങളിൽ നിന്ന് ₹1,089/-വീതവും ഈടാക്കേണ്ടതാണ്.

1-13 സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കൽ

വണ്ടിപ്പെരിയാർ ഗവൺമെന്റ് എൽ.പി. സ്കൂൾ, ഗ്രാമ്പി ഗവ. എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ തയ്യാറാക്കുന്നതിനായി ഓരോ പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു. ഇതിനുള്ള ടെണ്ടർ പരസ്യം 03.02.2020-ൽ നടത്തിയിരിക്കുന്നു. രണ്ട് സ്കൂളുകളിലും ഒരേ സ്പെസിഫിക്കേഷനിലുള്ള ഷോട്ട് ത്രൂ പ്രൊജക്ടർ സ്മാർട്ട് ഇന്ററാക്ടീവ് ബോർഡ്, വാൾമൌണ്ട് കിറ്റ്, വയർലെസ് ടീച്ചിംഗ് സിസ്റ്റം, സൌണ്ട് സിസ്റ്റം, ലാപ്ടോപ്പ് കമ്പ്യൂട്ടർ, റൈറ്റിംഗ് ബോർഡ് എന്നീ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനാണ് ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം. | ഗ്രാമ്പി ഗവ. എൽ.പി. സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കൽ - 424/20 | വണ്ടിപ്പെരിയാർ ഗവ. എൽ.പി. സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കൽ – 422/20 |
|---|---|---|
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| ബിൽ റഫറൻസ് നം./ വൗച്ചർ നം. | 19100252013601648100/30.03.2020-₹72,829/-<br>വൗച്ചർ നമ്പർ-21901347/30.03.2020 ₹35,171/- | 19100252013601648104/30.03.2020-₹83,703/-<br>വൗച്ചർ നം-21901346/30.03.2020- ₹9,797/- |

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഉപകരണങ്ങൾ സ്ഥാപിക്കാൻ ഒരു ടെണ്ടർ പരസ്യം ആണ് നടത്തിയത്. ഒരു ടെണ്ടർ സ്വീകരിക്കുന്നതിന് പകരം ഓരോ സ്ഥാപനത്തിലും ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേകം പ്രത്യേകം ടെണ്ടറുകൾ വാങ്ങിയിരിക്കുന്നു. ഒരേ ഉപകരണങ്ങൾ വാങ്ങുന്നതിന് ഇത്തരത്തിൽ പ്രത്യേകം പ്രത്യേകം രണ്ട് ടെണ്ടറുകൾ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. വാർഷിക ആവശ്യകതാ നിർണ്ണയം നടത്തി അതിന്റെ അടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്തണമെന്ന സ്റ്റോർ പർച്ചെയ്സ് മാന്വലിലെ ഖണ്ഡിക(6.1) പ്രകാരമുള്ള മാനദണ്ഡത്തിന് വിരുദ്ധമാണിത്.

2. ടെണ്ടറിൽ പങ്കെടുത്ത ഓർക്കിഡ് കമ്പ്യൂട്ടേഴ്സ്, മുണ്ടക്കയം ഒരേ സ്പെസിഫിക്കേഷനിലുള്ള രണ്ട് സ്ഥാപനങ്ങൾക്കും വ്യത്യസ്ത നിരക്കാണ് രേഖപ്പെടുത്തിയിരുന്നത്. വണ്ടിപ്പെരിയാർ ഗവ. എൽ.പി. സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കലിന് ₹93,500/-യും ഗ്രാമ്പി ഗവ. എൽ.പി. സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കലിന് ₹1,08,000/-യും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്ത് കമ്മിറ്റിയുടെ 24.02.2020-ലെ 3(2) പ്രകാരം ഈ രണ്ട് ടെണ്ടറുകളും അംഗീകരിച്ചിരിക്കുന്നു. പഞ്ചായത്തിന്റെ ഉത്തമ താത്പര്യം പരിഗണിച്ച് കുറഞ്ഞ തുകയായ ₹93,500/-ന് രണ്ട് പദ്ധതികളും നടപ്പാക്കുന്നതിന് പകരം ഒരേ സ്പെസിഫിക്കേഷനിലുള്ള ഈ പദ്ധതികൾ വ്യത്യസ്ത നിരക്കിൽ നടപ്പാക്കിയിരിക്കുന്നു. സാമഗ്രികളെ ചെറിയ അളവുകളായി വിഭജിച്ച് നൽകാൻ പാടില്ല എന്ന സ്റ്റോർ പർച്ചെയ്സ് മാന്വലിലെ ഖണ്ഡിക(7.2) പ്രകാരമുള്ള മാനദണ്ഡത്തിന് വിരുദ്ധമാണിത്.

3. ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ടിരുന്ന സ്പെസിഫിക്കേഷനിലുള്ള ഇനങ്ങൾ തന്നെയാണോ സ്ഥാപിച്ചിരിക്കുന്നത് എന്ന് സാങ്കേതിക വിദഗ്ധർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥാപിച്ച സാധനങ്ങളുടെ വാറണ്ടി/ഗ്യാരന്റി സംബന്ധിച്ച വിവരങ്ങളും ടെണ്ടറിലോ, ബില്ലിലോ പരാമർശിക്കുന്നില്ല.

4. ഗ്രാമ്പി ഗവ. എൽ.പി. സ്കൂളിൽ സ്മാർട്ട്-കം-റൂം സ്ഥാപിക്കുന്നതിനുള്ള ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന കമ്പാരിറ്റീവ് സ്റ്റേറ്റ്മെന്റ്

പ്രകാരം ഗ്രാമ്പി ഗവ. എൽ.പി. സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കലിന് ഏറ്റവും കുറഞ്ഞ നിരക്കായി രേഖപ്പെടുത്തിയിരിക്കുന്നത് ₹1,06,900/- ഓക്സിഫോസ് എന്ന സ്ഥാപനമാണ്. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 24.02.2020-ലെ 3(2) തീരുമാനത്തിൽ കുറഞ്ഞ തുക ₹1,06,900/- മുകളിൽ സൂചിപ്പിച്ച രണ്ട് പദ്ധതികൾക്കും കൂടി ആകെ കുറഞ്ഞ തുക (93500+108000) ₹2,01,500/- രേഖപ്പെടുത്തിയ സ്ഥാപനമായ ഓർക്കിഡ് കമ്പ്യൂട്ടേഴ്സിന്റെ ടെണ്ടർ ഉറപ്പിച്ച് നൽകുന്നതിനുള്ള വിചിത്രമായ തീരുമാനമെടുത്തിരിക്കുന്നു. വാർഷിക ആവശ്യകതാ നിർണ്ണയം നടത്തി ഒറ്റ ടെണ്ടർ നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് പകരം പഞ്ചായത്തിന്റെ താത്പര്യം മുൻനിർത്തി പ്രവൃത്തിക്കുന്നതിന് പകരം കരാറുകാരനെ സഹായിക്കുന്ന രീതിയിലുള്ള തീരുമാനമെടുത്തതിലൂടെ (108000-93500) ₹14,500/-ന്റെ നഷ്ടം സംഭവിച്ചിരിക്കുന്നു. ആയതിന് കമ്മിറ്റി അംഗങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥനും ഉത്തരവാദികളാണ്.

വണ്ടിപ്പെരിയാർ സ്കൂളിൽ സ്ഥാപിച്ചിരിക്കുന്ന ഉപകരണങ്ങൾ നിലവിൽ പ്രവർത്തന സജ്ജമല്ല. സ്ഥാപിച്ചതിന് ശേഷം തുടർച്ചയായി സ്കൂൾ പ്രവർത്തിച്ചിരുന്നില്ല എന്നതിനാൽ സ്ഥാപിച്ച ഉപകരണങ്ങൾ മൂലം കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടില്ല എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. വിതരണം ചെയ്ത ഉപകരണങ്ങളുടെ വാറന്റി/ഗ്യാരന്റി സംബന്ധിച്ച യാതൊരു രേഖയും സ്കൂളിന് നൽകിയിട്ടില്ല.

## 1-14 ലൈഫ് ഭവന പദ്ധതി - അനർഹമായി തുക കൈപ്പറ്റിയത് സംബന്ധിച്ച്

ലൈഫ് ഭവനപദ്ധതിയുടെ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ ചില വ്യക്തികൾ വ്യാജ രേഖകളും വിവരങ്ങളും നൽകി പഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം കൈപ്പറ്റിയതായി കാണുകയുണ്ടായി. എന്നാൽ രജിസ്റ്ററിൽ ഭവന നിർമ്മാണ ആനുകൂല്യമിനത്തിലുള്ള തുക കൈപ്പറ്റിയിട്ടുള്ളതിന്റെ വിവരങ്ങൾ ചേർത്തിരിക്കുന്നത് പൂർണ്ണമല്ല.

സുമിത സുകുമാരൻ, മൂങ്കലാർ എസ്റ്റേറ്റ്, റേഷൻ കാർഡ് നം. 1631057681 (വാർഡ് – I, ജനറൽ) എന്ന വ്യക്തി, ടിയാളുടെ ഭർത്താവ് C.R.P.F ജവാൻ ആണെന്നുള്ള വസ്തുത മറച്ചുവെച്ച്, ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യമിനത്തിൽ രണ്ടു ഗഡുക്കളിലായി ₹2,00,000/- കൈപ്പറ്റിയതായി കാണുകയുണ്ടായി. കൂടാതെ ഈ കാർഡിൽ ഉൾപ്പെട്ട ഒരു അംഗത്തിന് സ്വന്തമായി വാസയോഗ്യമായ വീടുണ്ട് എന്ന വിവരവും നിർവ്വഹണ ഉദ്യോഗസ്ഥന്റെ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു എന്ന വിവരവും ഫയലിലുണ്ട്.

കൂടാതെ സുജാത ശശി, ചെന്തലത്തൂർ, പള്ളിക്കട, വണ്ടിപ്പെരിയാർ, റേഷൻകാർഡ് നം. 1631008863, ആധാർ നം. 719491630188 (വാർഡ് - XXII, ജനറൽ) എന്ന വ്യക്തിയുടെ, റേഷൻ കാർഡിൽ ഉൾപ്പെട്ടിരിക്കുന്ന മകന് സ്വന്തമായി വീടുള്ള കാര്യം മറച്ചുവെച്ച് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യമിനത്തിൽ ₹40,000/- കൈപ്പറ്റിയതായി കാണുകയുണ്ടായി. രജിസ്റ്ററിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് മാത്രമാണുള്ളത്. ടി വ്യക്തിയുടെ ഫയൽ പരിശോധിച്ചപ്പോൾ അനന്തര നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ കണ്ടെത്തിയില്ല.

കൂടാതെ പുഷ്പരാജ്, തേങ്ങാക്കൽ എസ്റ്റേറ്റ്, വണ്ടിപ്പെരിയാർ, റേഷൻ കാർഡ് നം. 1631009035, ആധാർ നം. 502408735873 (വാർഡ് നം. XXIII, ജനറൽ വിഭാഗം) എന്ന വ്യക്തി സ്വന്തം പേരിൽ അനുവദനീയമായതിൽ കൂടുതൽ സ്ഥലമുള്ള കാര്യം മറച്ചുവെച്ച് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യമിനത്തിൽ ₹40,000/- കൈപ്പറ്റിയതായി കാണുകയുണ്ടായി. ടി വ്യക്തിയുടെയും ഫയൽ പരിശോധിച്ചപ്പോൾ അനന്തര നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെയില്ല.

അനധികൃതമായി കൈപ്പറ്റിയ ആനുകൂല്യം പലിശ സഹിതം എത്രയും പെട്ടെന്ന് തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഇ-ടെൻഡർ ഫോം വില,നിരതദ്രവ്യം എന്നിവ ഗ്രാമ പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാ പഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം 92 പ്രോജക്ടുകൾക്കായി ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചുവെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ

ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില (₹) |
|---|---|---|
| 2019-20 | 92 | 128000 |

ഗ്രാമ പഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-16 സി.ഡി.എസ് വെണ്ടറിംഗ് യൂണിറ്റിന് ധനസഹായം

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 505/19 |
| ബിൽ റഫറൻസ് നമ്പർ | 1900252013600461258/17.08.2019-₹2,73,422/- |

വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് ആവശ്യമായ സിമന്റ് കട്ട നിർമ്മിക്കുന്നതിനുള്ള യൂണിറ്റിനുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള വെണ്ടറിംഗ് യൂണിറ്റായി കുടുംബശ്രീ സി.ഡി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സി.ഡി.എസ്.-ന് പ്രവർത്തന വിഹിതം മുൻകൂറായി നൽകുന്നതിന് ആവിഷ്കരിച്ചതാണ് ഈ പദ്ധതി. മേൽ ബിൽ പ്രകാരം ₹2,73,422/- കുടുംബശ്രീയുടെ 710061400000045 അക്കൗണ്ടിലേയ്ക്ക് നൽകിയിരിക്കുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിച്ചുള്ള ഭവന നിർമ്മാണ സാമഗ്രികളുടെ യൂണിറ്റുകൾ തുടങ്ങുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ സ.ഉ.(കൈ)നം. 137/2018/ തസ്വഭവ/തീയതി. 24.09.2018-ലെ നിർദ്ദേശങ്ങളിൽ നിന്നും താഴെപ്പറയുന്ന രീതിയിൽ വ്യതിചലിച്ചാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

1. മാർഗ്ഗരേഖയിലെ ഖണ്ഡിക Iii(6) പ്രകാരം സാധന സാമഗ്രികൾ വാങ്ങുന്നതിന് കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംങ് ഫണ്ടായി മാത്രമാണ് സഹായം അനുവദിക്കാവുന്നത്. സ.ഉ.(കൈ)നം.22/2018/തസ്വഭവ./തീ. 14.02.2018 ഖണ്ഡിക 6.4 21.2 പ്രകാരം റിവോൾവിംഗ് ഫണ്ട് തവണകളായി തിരിച്ചടയ്ക്കേണ്ട തുകയാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം ധന സഹായമായാണ് പണം നൽകിയിരിക്കുന്നത്. ആയതിനാൽ തുക തിരികെ അടച്ചിട്ടില്ല.

2. മാർഗ്ഗരേഖ പ്രകാരം കുടുംബശ്രീ യൂണിറ്റ് ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. ഇത്തരത്തിലുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

3. ധനസഹായം നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ പ്രവർത്തനം, നിർമ്മിച്ച/വിതരണം ചെയ്ത സിമന്റ് കട്ടകളുടെ എണ്ണം, എന്നിവ സംബന്ധിച്ച വിവരം ലഭ്യമല്ല.

നിലവിൽ കട്ട നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. 2019-ൽ തന്നെ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം നിലച്ചതും ഉപകരണങ്ങൾ മാലിന്യ നിർമ്മാജ്ജന പ്ലാന്റിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്,

മാർഗ്ഗരേഖ മറികടന്ന് അനധികൃതമായി ചെലവഴിച്ച ₹2,73,422/- ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 1/03.01.2022-ന് മറുപടി ലഭ്യമാക്കിയില്ല. ₹2,73,422/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 വേലമൂല്യം - PAC-യിൽ നിജപ്പെടുത്താതെ തുക അനുവദിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയിൽ ടെൻഡറിൽ വാഗ്ദാനം ചെയ്യുന്ന (PAC)/കരാർ പത്രിക പ്രകാരമുള്ള അളവുകളിൽ നിജപ്പെടുത്തിയാണ് കരാറുകാർക്ക് മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കേണ്ടത്. എന്നാൽ അപ്രകാരമുള്ള നടപടി സ്വീകരിക്കാതിരുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം.എസ്.438/2020 – ഗവ. യു.പി. സ്കൂൾ ഓഡിറ്റോറിയം മെയിന്റനൻസ്

| | |
|---|---|
| കരാറുകാരൻ | ശ്രീ. ബിനു സണ്ണി |
| അടങ്കൽ | ₹8,00,000/- (തനത് ഫണ്ട്) |
| PAC | ₹6,77,115/- |
| കരാർ നം./തീയതി | 94/AE/LSGD/VPR/2019-20/തീ. 17.01.2020 |
| അളവ് പുസ്തകം | 564/2019-20 |
| ആകെ വേലമൂല്യം | ₹7,37,788/- |

ഗവ. യു.പി സ്കൂൾ ഓഡിറ്റോറിയത്തിന്റെ നിലവിലുള്ള ആസ്ബസ്റ്റോസ് മേൽക്കൂര നീക്കം ചെയ്ത് GI ഷീറ്റ് മേയുന്നതിനും വരാന്തയിൽ ടൈൽ പാകുന്നതിനും ആവിഷ്കരിച്ച പ്രോജക്ടാണിത്. അളവ് പുസ്തക പ്രകാരം പ്രോജക്ടിന്റെ ആകെ വേലമൂല്യം ₹7,37,788/-യാണ്. പ്രസ്തുത തുക PAC-യിൽ നിജപ്പെടുത്തി ആനുപാതികമായി GST നഷ്ടപരിഹാരവും ഉൾപ്പെടുത്തി പ്രോജക്ടിന്റെ ആകെ ചെലവ് നിർണ്ണയിക്കുന്നതിന് പകരം ആകെ വേല മൂല്യത്തിനൊപ്പം GST-യും ചേർത്തുള്ള തുക അടിസ്ഥാനപ്പെടുത്തിയാണ് ആകെ ചെലവ് കണക്കാക്കിയത് അത് പ്രകാരം അധികം നൽകിയ തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അനുവദിച്ച തുക

| ഇനം | CC I & Part | CC II & Final | ഒട്ടാകെ ₹ |
|---|---|---|---|
| ആകെ വേലമൂല്യം | 516004 | 221784 | 737788 |
| 12% GST | 61920 | 26614 | 88534 |
| ആകെ | 577924 | 248398 (₹22,076/-യിലേക്ക് പരിമിതപ്പെടുത്തി) | 826322 (₹8,00,000/-യിലേക്ക് പരിമിതപ്പെടുത്തി) |
| നികുതി വിഹിതങ്ങൾ | 23116 | 8884 | 32000 |
| കരാറുകാരന് നൽകിയ അറ്റ തുക | 554808 | 213192 | 768000 |
| ബിൽ വിവരങ്ങൾ | വൗച്ചർ നം. 21901077/ തീ.27.02.2020 | വൗച്ചർ നം. 21901317/ തീ.30.03.2020 | |

അനുവദനീയമായതും അധികം നൽകിയതുമായ തുകകളുടെ വിവരങ്ങൾ

| ഇനം | അനുവദിച്ച തുക | അനുവദനീയമായ തുക ₹ | അധികം അനുവദിച്ച തുക ₹ |
|---|---|---|---|
| ആകെ വേലമൂല്യം | 737788 | 677115 | |
| 12% GST | 88534 | 81254 | |
| ആകെ | 826322 (₹8,00,000/-യിലേക്ക് പരിമിതപ്പെടുത്തി ) | 758369 | |
| നികുതി വിഹിതങ്ങൾ | 32000 | 27086 | |
| അറ്റ തുക | 768000 | 731283 | 36717 |

കരാർ പത്രികയിൽ സമ്മതിച്ച തുകയിൽ വേലമൂല്യം നിജപ്പെടുത്താതിരുന്നത് മൂലം മേൽ പട്ടികകളിൽ വിവരിച്ചിട്ടുള്ളതുപോലെ ₹36,717/- ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ബിൽ തയ്യാറാക്കിയ അസി. എൻജിനിയർ ശ്രീ. വർഗ്ഗീസ് ജോസഫിൽ നിന്നോ ഈടാക്കേണ്ടതാണ്.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/2019-20/തീ.06.01.2022 ) മറുപടി ലഭ്യമാക്കിയില്ല.

1-18 GST നഷ്ടപരിഹാര തുക തെറ്റായി നിർണയിച്ച് കരാറുകാരന് തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം. | എസ്.476/2020 – വാർഡ് 6<br>ലക്ഷം വീട് കോളനി അംഗൻവാടി നവീകരണം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. വിനോദ് എസ്. |
| അടങ്കൽ | ₹2,00,000/-( തനത് ഫണ്ട്) |
| കരാർ നം. | 63/AELSGD Vpr/19-2020/തീ. 26.11.2019 |
| അളവ് പുസ്തകം | 523/2019-20 |

ഗ്രാമപഞ്ചായത്ത് 6-ാം വാർഡ് ലക്ഷം വീട് കോളനിയിലെ അംഗൻവാടിയുടെ മേൽക്കൂര മാറ്റി സ്ഥാപിക്കൽ, ഭിത്തി പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് എന്നീ പ്രവൃത്തികൾ നടത്തുന്നതിന് ആവിഷ്കരിച്ച പ്രോജക്ടാണിത്.

പ്രോജക്ടിന്റെ ഫൈനൽ ബിൽ തയ്യാറാക്കിയ വേളയിൽ GST നഷ്ടപരിഹാര തുക തുക തെറ്റായി നിർണ്ണയിച്ചത് വഴി കരാറുകാരന് അധിക തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | അനുവദിച്ച തുക ₹ | അനുവദിക്കാവുന്ന തുക ₹ |
|---|---|---|

| | | |
|---|---|---|
| ആകെ വേലമൂല്യം | 166732 | 166732 |
| (+) GST നഷ്ടപരിഹാരത്തുക | 30011.76 | 20007.84 |
| ആകെ | 196744 | 186740 (പരിമിതപ്പെടുത്തി) |
| നികുതി വസൂലാക്കലുകൾ | 7872 (1968 X 4) | 6668 (1667 X 4) |
| അറ്റ തുക | 188872 | 180072 |
| അധികം നൽകിയ തുക | 188872 – 180072 = 8800/- | |
| ചെലവു വിവരം | വൗച്ചർ നം.21801062/ തീ. 16.2.2020 | |

ഇത്തരത്തിൽ തുക അധികം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക ₹8,800/- ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ബിൽ തയ്യാറാക്കിയ അസി. എൻജിനിയർ ശ്രീ. വർഗീസ് ജോസഫിൽ നിന്നോ ഈടാക്കേണ്ടതാണ്.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/2019-20/തീ.06.01.2022) മറുപടി ലഭ്യമാക്കിയില്ല.

1-19 ടാറിംഗ് പ്രവൃത്തി ബില്ലിൽനിന്ന് കാലിവീപ്പ വില ഈടാക്കിയില്ല

2016-ലെ ഡെൽഹി ഷെഡ്യൂൾ നിരക്ക് അടിസ്ഥാനപ്പെടുത്തിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. പ്രൈസ് (PRICE) സോഫ്റ്റ് വെയർ ഇതിനായി ഉപയുക്തമാക്കുന്നു. ഇതിലൂടെ OD 75.5 സ്പെസിഫിക്കേഷനിൽ തയ്യാറാക്കപ്പെടുന്ന ടാറിംഗ്-റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ Packed Bitumin-ന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആകയാൽ കരാറുകാരന് അധിക ലാഭമുണ്ടാകുന്നത് ഒഴിവാക്കുന്നതിനായി കാലിവീപ്പയുടെ മൂല്യം ഫൈനൽബില്ലിൽ നിന്ന് കുറവ് ചെയ്യാൻ സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ ചുവടെ ചേർക്കുന്ന റീ-ടാറിംഗ് പ്രോജക്ടുകളുടെ ബില്ലിൽനിന്ന് പ്രസ്തുത തുക ഈടാക്കിയില്ല.

പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| പ്രോജക്ട് നം./പേര് | എസ്. 380/2020, വാർഡ് 14, ധർമവാലി പിള്ളപ്പുര ഭാഗം റോഡ് | എസ് 379/2020, വാർഡ് 14, ഹില്ലാഷ് റോഡ് | എസ് 381/2020, മഞ്ചുമല രാജമുടി റോഡ് ടാറിംഗ് |
|---|---|---|---|
| അടങ്കൽ തുക | ₹5,50,000/- (325700 ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 224300 തനത് ഫണ്ട്) | ₹3,00,000/- (250000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് +50000 തനത് ഫണ്ട്) | ₹6,95,879-/ (ധനകാര്യകമ്മീഷൻ ഗ്രാന്റ് + 104121 തനത് ഫണ്ട്) |
| കരാറുകാരൻ | ശ്രീ. എബി എബ്രഹാം | ശ്രീ. എബി എബ്രഹാം | ശ്രീ. കെ. സതീഷ് |
| കരാർ നം./ തീയതി | 106/AE/LSGD/VPR/18-19 തീ.25.02.2019 | 147/AE/LSGD/VPR/19-20 തീ.25.06.2019 | 65/AE/LSGD/VPR/19-20 തീ.10.10.2019 |
| അളവ് | 419/19-20 | 344/19-20 | 139/19-20 |

| | | | |
|---|---|---|---|
| പുസ്തകം | | | |
| ആകെ ബിൽ തുക | ₹5,45,632/- (₹3,25,700/- BRN 19100252013801108863 / തീ.20.01.2020 + 219932/- വൗച്ചർ നം.21900966/ തീ.21.01.2020 | ബിൽ തുക ₹2,95,968/- ₹45,968/- വൗച്ചർ നം.21900967/തീ.21.01.2020. ഫണ്ടിന്റെ പരിമിതി മൂലം 2 തൻവർഷം കരാറുകാരന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം നൽകിയില്ല. BRN 20100252013800164602/തീ.11.04.2020 പ്രകാരം 2020-21-ൽ നൽകി ) | ബിൽ തുക ₹6,45,143/- BRN 20100252013800314046 /തീ.25.05.2020 |

₹238/- + 18% GST നിരക്കിൽ ഒരു കാലിവീപ്പയുടെ മൂല്യം = ₹281/-

| പ്രോജക്ടുകളുടെ പേര് | കരാറുകാരന്റെ പേര് | വീപ്പകളുടെ എണ്ണം | വില ₹ | GST ₹ |
|---|---|---|---|---|
| എസ്.0380/2020 ധർമവാലി പിള്ളപ്പര ഭാഗം റോഡ് ടാറിംഗ് | ശ്രീ. എബി എബ്രഹാം | 19 | 4522 | 817 |
| എസ്.0246/2020 വാർഡ് ഹില്ലാഷ് റോഡ് ടാറിംഗ് | ശ്രീ. എബി എബ്രഹാം | 09 | 2142 | 387 |
| എസ്.0249/2020 മഞ്ചുമല രാജമുടി റോഡ് ടാറിംഗ് | ശ്രീ. സതീഷ് കെ. | 25 | 5950 | 1075 |
| ആകെ | | | 12614 | 2279 |

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ(പി)നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10 അനുസരിച്ച് (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ കൂടി കാണുക) കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിന് വേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടിന് വേണ്ടി ധനകാര്യ കമ്മീഷൻ ഗ്രാന്റും ആസ്തി സംരക്ഷണ ഗ്രാന്റും (റോഡ്) വിനിയോഗിച്ചിട്ടുള്ളതിനാൽ കൂടുതലായി ചെലവഴിച്ച ആസ്തി സംരക്ഷണ ഗ്രാന്റിന്റെ കണക്ക് ശീർഷകമായ 3054-911-Deduct Recoveries Of Overpayments-ലേക്ക് പ്രസ്തുത തുക തിരികെ ഒടുക്കേണ്ടിയിരുന്നു. കാലി വീപ്പകളുടെ മൂല്യം ₹12,614/- കരാറുകാരനിൽനിന്നോ, ബില്ലിൽ നിന്ന് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസി. എൻജിനിയർ വർഗ്ഗീസ് ജോസഫിൽ നിന്നോ ഈടാക്കി മേൽ പരാമർശിച്ച കണക്ക് ശീർഷകത്തിലും GST തുക ₹2,279/- അതിന്റെ ശീർഷകത്തിലും സർക്കാരിലേക്ക് ഒടുക്കേണ്ടതാണ് (ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/2019-20 തീ.06.01.202 ) മറുപടി ലഭ്യമാക്കിയില്ല.

1-20 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ വിവരങ്ങളില്ല

തൻവർഷം രണ്ട് കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ ശൃംഖല വിപുലീകരിക്കുന്നതിനായി കേരള ജല അതോറിറ്റി പൊതു ആരോഗ്യ വിഭാഗം തൊടുപുഴ എക്സി. എൻജിനിയർക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ/പ്രോജക്ട് പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എൻജിനിയർ, LID & EW

| ക്രമ നം | പ്രോജക്ട് നം./പേര് | കൈമാറിയ തുക ₹ | ബിൽ വിവരങ്ങൾ | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | എസ്.213/2020<br>മേലേ ഉഡല്ലൂർ ടൗൺ<br>പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 440000<br>(വികസന ഫണ്ട്<br>- പൊതു വിഭാഗം) | 19100252013800035462/<br>തീ. 05.04.2019 | SBI തൊടുപുഴ ശാഖയിലെ<br>67133387137 നമ്പർ<br>അക്കൗണ്ടിലേക്ക് നേരിട്ട്<br>ക്രെഡിറ്റ് ചെയ്തു. |
| 2 | എസ്.222/2020<br>നെല്ലിമല കവല കേരള വാട്ടർ<br>അതോറിറ്റി കുടിവെള്ള പദ്ധതി<br>പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 400000<br>(വികസന ഫണ്ട്<br>- പൊതു വിഭാഗം) | 19100252013800035462/<br>തീ. 05.04.2019 | SBI തൊടുപുഴ ശാഖയിലെ<br>67133387137 നമ്പർ<br>അക്കൗണ്ടിലേക്ക് നേരിട്ട്<br>ക്രെഡിറ്റ് ചെയ്തു. |

നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-21 ഫയലുകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പദ്ധതികളുടെ പേര്, നമ്പർ | 242/19-20<br>കുടിവെള്ള പരിശോധന, സാമ്പിൾ ശേഖരണം, ക്ലോറിനേഷൻ<br>244/19-20<br>പാലിയേറ്റീവ് പരിചരണ പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| അടങ്കൽ | ₹50,660/- ( വികസന ഫണ്ട്)<br>₹70,954/- (വികസന ഫണ്ട്) |
| ചെലവ് തുക | ₹50,660/- ( വികസന ഫണ്ട്)<br>₹70,954/- (വികസന ഫണ്ട്) |

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതി നം. 242/19-20, കുടിവെള്ള പരിശോധന, സാമ്പിൾ ശേഖരണം, ക്ലോറിനേഷൻ, ചെലവ് തുക ₹50,660/- & പദ്ധതി നം. 244/19-20, പാലിയേറ്റീവ് പരിചരണ പദ്ധതി, ചെലവ് തുക ₹70,954/- എന്നിവയുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ റിക്വസിഷന് മറുപടിയായി, 2020-21-ലെ വെള്ളപ്പൊക്കത്തിൽ വണ്ടിപ്പെരിയാർ സി.എച്ച്.സി.-യിൽ വെള്ളം കയറുകയും ടി സ്ഥാപനത്തിലെ മരുന്നുകളും റിക്വസിഷനിൽ ആവശ്യപ്പെട്ട പദ്ധതികളുടെ വൗച്ചറുകളും രജിസ്റ്ററുകളും അനുബന്ധ രേഖകളും നഷ്ടപ്പെടുകയും വിവരം ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിൽ അറിയിക്കുകയും ഡി.എം.ഒ.-യുടെ പ്രതിനിധി നേരിട്ടുവന്ന് കണ്ട് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ് എന്നാണ് അറിയിച്ചത്. കാലവർഷ കെടുതികളിൽ പദ്ധതികൾ സംബന്ധിച്ച ഫയലുകൾ നഷ്ടപ്പെടാതെ സുരക്ഷിത സ്ഥലത്ത് സൂക്ഷിക്കേണ്ടതാണ്.

1-22 മാലിന്യ പരിപാലന പദ്ധതി, അനുവദനീയമല്ലാത്ത തസ്തികകൾ രൂപീകരിച്ച് വേതനം നൽകിയത് - തടസ്സം ₹5,90,038/-

| | |
|---|---|
| പദ്ധതി നം. | 431/2019-20<br>മാലിന്യ പരിപാലന പദ്ധതി (ഹരിത കേരളം) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| അടങ്കൽ | ₹7,82,432/- ധനകാര്യ കമ്മീഷൻ<br>₹20,000,00/- മറ്റുള്ളവ |
| ചെലവ് തുക | ₹5,72,038/- ധനകാര്യ കമ്മീഷൻ<br>₹7,62,900/- മറ്റുള്ളവ |
| ബിൽ നം., തീയതി, തുക | 1910025200950049O298/22.08.19 – ₹2,23,200/-<br>1910025200950063I611/27.09.19 – ₹1,46,618/-<br>21900788/09.12.19 – ₹4,00,000/-<br>21900787/09.12.19 – ₹3,44,900/-<br>21901323/30.03.20 – ₹18,000/-<br>191002520095008828889/28.11.19 – ₹1,71,080/-<br>191002520095013387434/24.02.20 – ₹31,140/- |

2019-20-ൽ വി.ഇ.ഒ. നിർവ്വഹണം നടത്തിയ മാലിന്യ പരിപാലന പദ്ധതി (ഹരിത കേരളം)431/2019-20 പദ്ധതി പ്രകാരം 23 വാർഡുകളിലെ ഹരിത കർമ്മ സേനാംഗങ്ങൾക്കും ഹരിദാസ് എം., ശാലുമോൾ തങ്കച്ചൻ എന്നീ വ്യക്തികൾക്കും വേതനം നൽകിയതായി കാണുന്നു. കൂടാതെ മാലിന്യ സംസ്കരണത്തിനായി 9 എയ്റോബിക് ബിന്നുകൾ വാങ്ങിയതിന് 2 വൗച്ചർ നമ്പരുകളിലായി ₹7,44,900/-യും നൽകിയിട്ടുണ്ട്. ലഭ്യമാക്കിയ വിവരങ്ങളിൽ നിന്ന് 02.03.19-ൽ നടന്ന കമ്മിറ്റി യോഗത്തിലെ 13/1 നം. തീരുമാന പ്രകാരം ഹരിത കർമ്മസേന രൂപീകരണം, ഹരിത കേരളം തുടങ്ങിയ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഫീസ്-ഇൻ-ചാർജ്ജായി ശ്രീ. എം. ഹരിദാസ് എന്ന വ്യക്തിയെ കമ്മിറ്റി തീരുമാനിച്ച് നിയോഗിക്കുകയുണ്ടായി. എന്നാൽ ശ്രീ. എം. ഹരിദാസിന് സാങ്കേതിക ബുദ്ധിമുട്ടുണ്ടെന്ന് അറിയിച്ചതിനാൽ കുമാരി ഷാലുവിനെ ഡാറ്റാ എൻട്രി & ഓഫീസ്-ഇൻ-ചാർജ്ജായി ചുമതലപ്പെടുത്തി തീരുമാനിക്കുന്നതിനുള്ള അനുമതി നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. പഞ്ചായത്ത് കമ്മിറ്റിയോട് ആവശ്യപ്പെടുകയും കമ്മിറ്റി നിലവിൽ ഓഫീസ്-ഇൻ-ചാർജ്ജായി സേവനം അനുഷ്ഠിക്കുന്ന ശ്രീ. എം. ഹരിദാസിന് പകരം കുമാരി ഷാലുവിനെ നിയോഗിക്കുന്നതിനും ടി പദ്ധതിയിൽ വകയിരുത്തിയത് പ്രകാരമുള്ള വേതനം ടിയാൾക്ക് നൽകുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.-യെ ചുമതലപ്പെടുത്തി തീരുമാനിക്കുകയുണ്ടായി. ഓഡിറ്റിനായി ഹാജരാക്കിയ ഫയലിൽ നിന്ന് ടി വ്യക്തികളുടെ നിയമന വിവരങ്ങളോ വേതന വ്യവസ്ഥകളോ ലഭ്യമല്ല. മേൽ പദ്ധതിയിൽ ഓഫീസ്-ഇൻ-ചാർജ്ജ്, ഡാറ്റാ എൻട്രി എന്നിങ്ങനെ തസ്തികകളിൽ വ്യക്തികളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ വേതന വ്യവസ്ഥകളോ ഉണ്ടെങ്കിൽ അവ ഹാജരാക്കേണ്ടതാണ്. സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ ഇല്ലായെങ്കിൽ എന്തടിസ്ഥാനത്തിലാണ് ടി വ്യക്തികളെ നിയമിച്ചതെന്നും അവർക്ക് വേതനം നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ടും ടി പദ്ധതി പ്രകാരം ശ്രീ. എം. ഹരിദാസ് & കുമാരി ഷാലു എന്നിവർക്ക് 2019-20-ൽ നൽകിയ വേതനത്തിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതെന്നും ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (14/06.01.22) മറുപടി ലഭ്യമാക്കിയില്ല. ഹരിത കർമ്മസേനയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി വി.ഇ.ഒ. ഉള്ളപ്പോൾ അനുവദനീയമല്ലാത്ത ഓഫീസ്-ഇൻ-ചാർജ്ജ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ പോസ്റ്റുകൾ രൂപീകരിച്ച് അവർക്ക് നൽകിയ തുക അനധികൃതമാണ്. മേൽ വ്യക്തികളുടെ ശമ്പള വിവരങ്ങൾ വ്യക്തമല്ലാത്തതിനാൽ പദ്ധതി ചെലവായ ₹13,34,938/-യിൽ നിന്നും എയ്റോബിക് ബിന്നുകൾ വാങ്ങിയതിന് നൽകിയ ₹7,44,980/- കിഴിച്ചുള്ള ₹5,90,038/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 ലൈഫ് ഭവന പദ്ധതി - ആദ്യ തവണ കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഭവനപദ്ധതി പൂർത്തിയാക്കാത്തത് സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതി പ്രകാരം പഞ്ചായത്തിലെ 23 വാർഡുകളിൽ നിന്നായി 844 പേർ ജനറൽ വിഭാഗത്തിലും 584 പേർ എസ്.സി. വിഭാഗത്തിലും ഭവന പദ്ധതിക്കായി പഞ്ചായത്തുമായി കരാർ വെച്ചിട്ടുണ്ട്. ഇതിൽ 202 പേർ ആദ്യ ഗഡു ₹40,000/- കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ആദ്യ ഗഡു കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം ആദ്യഘട്ടം പൂർത്തിയാക്കണമെന്നാണ് കരാർ വ്യവസ്ഥ. നാളിതുവരെ ഭവന നിർമ്മാണത്തിന്റെ ആദ്യ ഘട്ടമായ തറ നിർമ്മാണം പൂർത്തിയാക്കാത്ത വ്യക്തികളുടെ പേർക്ക് ഉചിത നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഭവന നിർമ്മാണം ആദ്യഘട്ടം പൂർത്തിയാക്കാത്ത വ്യക്തികളുടെ വിശദവിവരങ്ങൾ (നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ 23 വാർഡുകളിലെ രജിസ്റ്ററുകളിൽ നിന്നും ലഭ്യമായത്) ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഐ. ഡി നം. | പേര്, | വാർഡ് | വാർഡ് രജിസ്റ്റർ പേജ് നം. | റേഷൻ കാർഡ് നം | മൊബൈൽ നം. | കൈപറ്റിയ തീയതി | ജനറൽ / എസ്.സി | |
|---|---|---|---|---|---|---|---|---|---|
| 1 | 899952 | പി. എസ്. ചന്ദ്രൻ | 1 | 26 | 1631042533 | 9249932633 | ലഭ്യമല്ല | ജനറൽ | |
| 2 | 804200 | സൈനുദ്ദീൻ മുഹമ്മദ് | 1 | 27 | 1631042472 | 9656150170 | " | " | |
| 3 | 882033 | കുഞ്ഞുമോൾ KUNJUMOL,556/ Kattappuram, Moongalar, 685533 | 1 | 28 | 1631042497 | 9961613825 | " | " | |
| 4 | 898257 | മാതയ്യ | 1 | 31 | 1631003590 | 8086398292 | " | " | |
| 5 | 898260 | ദിലീപ് | 1 | 32 | 1631003642 | 9747993235 | " | " | |
| 6 | 898255 | സോമൻ പരമേശ്വരൻ | 1 | 33 | 1631003463 | 9995565508 | " | " | |
| 7 | 898437 | അറുമുഖം | 1 | 34 | 1631051354 | 9747249193 | " | " | |
| 8 | | തങ്കരാജ് | 1 | 35 | | | " | " | |
| 9 | 804237 | ഗ്രേസി | 1 | 36 | 1631003565 | 9847730209 | " | " | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 10 | 804232 | മുരുകൻ | 1 | 92 | 1631003624 | 9249943334 | “ | എസ്.സി | |
| 11 | 898441 | മണി | 1 | 30 | 1631003478 | 9744571963 | “ | ജനറൽ | |
| 12 | 804249 | ഇബ്രാഹിം | 2 | 22 | 1631003756 | 9645632531 | 12.11.19 | | |
| 13 | 756279 | ആനന്ദൻ ജെ | 2 | 36 | 1631003854 | 9746566063 | ലഭ്യമല്ല | " | |
| 14 | 910125 | ശേഖർ | 2 | 41 | 1631054363 | 9645204785 | “ | “ | |
| 15 | 713494 | മണി | 2 | 104 | 1631003785 | 9747284731 | 15.12.18 | എസ്.സി | |
| 16 | 780484 | കുട്ടിച്ചന് | 3 | 22 | 1631003777 | 9656259452 | ലഭ്യമല്ല | ജനറൽ | |
| 17 | 718605 | ഇ നാഗമണി | 3 | 90 | 1631056589 | 8943332163 | 12.12.18 | എസ്.സി | |
| 18 | 780462 | ശാന്തമ്മ | 3 | 32 | 1631041035 | 9946402109 | ലഭ്യമല്ല | ജനറൽ | |
| 19 | 892641 | സുരേഷ് ജയരാജ് | 3 | 93 | 1631056560 | 9846006603 | 15.11.19 | എസ്.സി | |
| 20 | 776837 | പോൾരാജ് | 4 | 23 | 1631004700 | 9895302835 | ലഭ്യമല്ല | ജനറൽ | |
| 21 | 780083 | കറുപ്പസ്വാമി | 4 | 97 | 1631044545 | 7560878712 | 5.1.19 | എസ്.സി | |
| 22 | 899612 | കനകമണി | 4 | 98 | 1631004764 | 9048353720 | 2.12.19 | " | |
| 23 | 777083 | രജനീഷ് പി.ആർ | 4 | 27 | 1631004812 | 9656794023 | 31.3.21 | ജനറൽ | |
| 24 | 712393 | ശേർളി | 5 | 6 | 1631005339 | 9947913098 | 13.2.19 | " | |
| 25 | 756460 | ഈശ്വരൻ | 5 | 114 | 1631004425 | 9745138499 | ലഭ്യമല്ല | എസ്.സി | |
| 26 | 781594 | മഹേശ്വരി | 5 | | 1631001703 | 8281593487 | " | ലഭ്യമല്ല | |
| 27 | 896083 | കറുപ്പസ്വാമി | 5 | 110 | 1631053907 | 7593940951 | " | " | |
| 28 | 896583 | റജി എസ് | 5 | 128 | 1631050773 | 9526988269 | " | " | |
| 29 | 902858 | രാമകൃഷ്ണൻ | 5 | 116 | 1631004443 | 9645136642 | " | " | |
| 30 | 903369 | പെരിയസ്വാമി | 5 | 115 | 1631044214 | 8921407979 | " | " | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 31 | 903372 | പ്രവീൺ | 5 | 24 | 1631004969 | 9656480860 | " | ജനറൽ | |
| 32 | 909993 | രാജേശ്വരി | 5 | 117 | 1631055340 | 8157848241 | "" | എസ്.സി | |
| 33 | 910679 | റജി ജാക്സൺ | 5 | 23 | 1631050768 | 8075525010 | 31.3.21 | ജനറൽ | |
| 34 | 912189 | കന്നിയമ്മാൾ/ ബാലമുരുകൻ് | 5 | 20 | 1631004202 | 9074288396 | ലഭ്യമല്ല | " | |
| 35 | 911817 | പാപ്പാ | 5 | 22 | 1631050851 | 8943225686 | " | " | |
| 36 | 912416 | അരുൾമേരി | 5 | 21 | 1631050999 | 8943424482 | 31.3.21 | " | |
| 37 | 781594 | മഹേശ്വരി | 5 | 17 | 1631001703 | 8281593487 | 25.2.20 | " | |
| 38 | 720320 | യേശുദാസ് | 6 | 23 | 1631040882 | 9048842284 | ലഭ്യമല്ല | " | |
| 39 | 735771 | സിജിമോൾ | 6 | 27 | 1631038340 | | " | " | |
| 40 | 735958 | മൂസ ബീബീ | 6 | 14 | 1631004518 | 0 | 3.11.18 | " | |
| 41 | 748378 | രാമയ്യ | 6 | 97 | 1631004404 | 9774473968 | 3.12.19 | എസ്.സി | |
| 42 | 792413 | കാമാച്ചി | 6 | 99 | 1631004414 | 8606116335 | 23.10.20 | " | |
| 43 | 875254 | സുമി ജോ്യതിഷ് | 6 | 3 | 1631059117 | 9496567578 | 4.6.20 | ജനറൽ | |
| 44 | 899047 | മുരുകൻ എസ് | 6 | 96 | 1631004314 | 9961277221 | 25.11.19 | എസ്.സി | |
| 45 | 903368 | ബിൻസി ബിനു | 6 | 26 | 1631057552 | 8592903961 | 31.3.21 | ജനറൽ | |
| 46 | 903375 | ഷാൻ എൻ | 6 | 29 | 1631058045 | 9895860256 | ലഭ്യമല്ല | " | |
| 47 | 910128 | ശെൽവകുമാർ | 6 | 100 | 1631005015 | 9633708311 | 23.10.20 | എസ്.സി | |
| 48 | 716086 | മണികണ്ഠൻ | 7 | 89 | 1631004981 | 9567139731 | 12.12.18 | " | |
| 49 | 735786 | ശശി കെ | 7 | 18 | 1631038270 | 9605813769 | 13.03.19 | ജനറൽ | |
| 50 | 786957 | അന്നമ്മ | 7 | 3 | 1631055539 | 9534249239 | 3.11.18 | " | |
| 51 | 786995 | മഹേഷ് ടി | 7 | 12 | 1631048202 | 7594853245 | 13.2.19 | " | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 52 | 896090 | ധനപാലൻ | 7 | 93 | 1631005312 | 9288406684 | 23.10.20 | എസ്.സി | |
| 53 | 769351 | ഉദയകുമാർ | 8 | 92 | 1631005103 | 9745010103 | 12.12.18 | " | |
| 54 | 782819 | വർഗ്ഗീസ് | 8 | 21 | 1631006019 | 9746147865 | 3.12.19 | ജനറൽ | |
| 55 | 805840 | മീരാഭായ് എൻ | 8 | 24 | 1631005780 | 7510641712 | 23.10.20 | " | |
| 56 | 770173 | ഖദീജ | 9 | 29 | 1631007947 | 9746062940 | ലഭ്യമല്ല | " | |
| 57 | 776617 | അയ്യപ്പദാസ് | 9 | 93 | 1631055513 | 9562197441 | 12.12.18 | എസ്.സി | |
| 58 | 776649 | പൊൻമുരുകന് | 9 | 90 | 1631041199 | 0 | 12.12.18 | " | |
| 59 | 783786 | അന്നമ്മ | 9 | 36 | 1631005497 | 9562130264 | ലഭ്യമല്ല | ജനറൽ | |
| 60 | 783788 | ഷാനവാസ് | 9 | 14 | 1631006125 | 8606472115 | കാലവർഷ കെടുതിയിൽ പെടുത്തി വീട് കിട്ടി | " | ₹40,000/- തിരികെ അടയ്ക്കണം |
| 61 | 783814 | റഹമത്ത് | 9 | 22 | 1631007664 | 9847165896 | 9.4.19 | " | |
| 62 | 813721 | അലക്സാണ്ടർ | 9 | 23 | 1631041237 | 9747121945 | 13.3.19 | " | |
| 63 | 813832 | മാരിയമ്മ | 9 | 96 | 1631007596 | 9544409844 | 12.12.18 | എസ്.സി | |
| 64 | 903374 | അജേഷ് എസ് | 9 | 104 | 1631054624 | 7012041296 | ലഭ്യമല്ല | " | |
| 65 | 903859 | അയിഷ | 9 | 34 | 1631041265 | 9746535266 | " | ജനറൽ | |
| 66 | 783876 | രഞ്ജിത് | 9 | 40 | 1631061658 | 9446934562 | 31.03.21 | " | |
| 67 | 737097 | യേശയ്യ | 10 | 30 | 1631036206 | 9846850484 | ലഭ്യമല്ല | " | |
| 68 | 737190 | തൊപ്പ കണവതി | 10 | 105 | 1631036112 | 0 | " | എസ്.സി | |
| 69 | 737193 | പാണ്ഡ്യരാജ് | 10 | 122 | 1631036146 | 9747806839 | 26.2.20 | " | |
| 70 | 795794 | മണി | 10 | ----- | 1631007844 | 9072414771 | ലഭ്യമല്ല | ----- | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 71 | 871216 | രാമകൃഷ്ണൻ | 10 | ---- | 1631035926 | 815686209 | ലഭ്യമല്ല | ------ | |
| 72 | 892402 | പെരുമാൾ | 10 | 109 | 1631035983 | 9388355079 | 14.3.19 | എസ്.സി | |
| 73 | 898791 | മുനിയസ്വാമി | 10 | 119 | 1631061014 | 9633543014 | 19.5.20 | " | |
| 74 | 903783 | ബിജോയി | 10 | 31 | 1631059768 | 7592829973 | ലഭ്യമല്ല | ജനറൽ | |
| 75 | 912140 | സെൽവകുമാർ | 10 | 129 | 1631035872 | 9544219749 | " | എസ്.സി | |
| 76 | 798951 | ജയശ്രീ എസ് | 11 | 40 | 1631039996 | 9544947172 | 13.3.19 | ജനറൽ | |
| 77 | 799618 | ഫാത്തിമ | 11 | 11 | 1631040034 | 9526984526 | 2.11.18 | " | |
| 78 | 882186 | വാസുദേവൻ | 11 | 7 | 1631040290 | 9947946378 | 11.12.18 | " | |
| 79 | 771938 | ഗുണശേഖരൻ | 12 | 127 | 1631010612 | 8547772455 | 3.12.19 | എസ്.സി | |
| 80 | 772852 | കറുപ്പസ്വാമി | 12 | 130 | 1631010729 | 9645272676 | ലഭ്യമല്ല | " | |
| 81 | 777205 | അഴകൻ | 12 | 100 | 1631010640 | 8086555419 | 12.12.18 | " | |
| 82 | 785693 | രാജമ്മ എസ് | 12 | 121 | 1631010585 | 9961970968 | 3.11.18 | " | |
| 83 | 786396 | ഉമാദേവി | 12 | 135 | 1631009558 | 9446441732 | ലഭ്യമല്ല | " | |
| 84 | 794493 | ശരവൺൻ ടി | 12 | 141 | 1631010782/ 1631065690 | 9496452050 | 26.8.21 | " | |
| 85 | 896186 | ജ്ഞാനമണി | 12 | 48 | 1631009794 | 8547555171 | ലഭ്യമല്ല | ജനറൽ | |
| 86 | 905468 | രാജ | 12 | 137 | 1631055017 | 9446577859 | " | എസ്.സി | |
| 87 | 912015 | ദീനമണി | 12 | 138 | 1631010673 | 9846791703 | " | " | |
| 88 | 756838 | മിനി | 13 | 18 | 1631059794 | 9656066530 | " | ജനറൽ | |
| 89 | 896847 | കറുപ്പസ്വാമി | 13 | 104 | 1631032839 | 9846185595 | " | എസ്.സി | |
| 90 | 897399 | വിജയകുമാരി | 13 | 15 | 1631032870 | 9526748757 | " | " | |
| 91 | 898237 | ഭാഗ്യം | 13 | 14 | 1631032861 | 9947108130 | 31.3.21 | " | |
| 92 | 901615 | കുമാർ | 13 | 100 | 1631060385 | 9961180462 | 13.7.21 | എസ്.സി | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 93 | 913197 | മാരിമുത്തു | 13 | 101 | 1631051198 | 8281545806 | 13.7.21 | " | |
| 94 | 810545 | പി.പി സുതൻ | 13 | ------ | 1631007594 | 9961313820 | ലഭ്യമല്ല | ------ | |
| 95 | 801180 | പോൾ | 14 | 94 | 1631010366 | 9605401367 | 13.12.18 | എസ്.സി | |
| 96 | 809493 | കാർത്തിക കുമാർ | 14 | 59 | 1631010373 | 8304908375 | ലഭ്യമല്ല | ജനറൽ | |
| 97 | 810845 | ത്രൃപൻ | 14 | 54 | 1631059121 | 8129741911 | " | " | |
| 98 | 810853 | ജയം | 14 | 40 | 1631038853 | 9605784551 | " | " | |
| 99 | 811030 | മണിമേഘല | 14 | 119 | 1631010300 | 9544409343 | " | എസ്.സി | |
| 100 | 811170 | ശെങ്കോല രാജൻ വി | 14 | 11 | 1631048994 | 9947046312 | " | ജനറൽ | |
| 101 | 881667 | കെ. മുനിയസ്വാമി | 14 | 126 | 1631032854 | 9446868848 | 26.12.19 | എസ്.സി | |
| 102 | 891427 | ജി.നടരാജൻ | 14 | ------ | 1631010410 | 6282839925 | ലഭ്യമല്ല | ------- | |
| 103 | 892562 | രാമു രാമസ്വാമി | 14 | 128 | 1631057250 | 9995206943 | " | എസ്.സി | |
| 104 | 892600 | രതീഷ് | 14 | 58 | 1631010128 | 9544414544 | " | ജനറൽ | |
| 105 | 892665 | സ്വാമി എ | 14 | 109 | 1631010288 | 995460281 | " | എസ്.സി | |
| 106 | 898785 | അന്ന പാർവ്വതി | 14 | ------- | 1631010291 | 0 | " | ------ | |
| 107 | 902117 | പാൽരാജ് / സ്റ്റെല്ല | 14 | 68 | 1631010404 | 9745194780 | 31.3.21 | ജനറൽ | |
| 108 | 910137 | സുന്ദർ സി | 14 | 55 | 1631038739 | 9048121674 | ലഭ്യമല്ല | " | |
| 109 | 912001 | വള്ളി / പ്രഭ | 14 | 130 | 1631010418 | 9747863655 | 20.3.21 | എസ്.സി | |
| 110 | 912533 | അർപ്പുത മേരി | 14 | 61 | 1631010292 | 9645134015 | 31.3.21 | ജനറൽ | |
| 111 | ലഭ്യമല്ല | അന്നക്കിളി | 14 | 29 | 1631010324 | 6282797622 | ലഭ്യമല്ല | " | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | തങ്കരാജ് | | | | | | | |
| 112 | 898283 | സതീഷ് | 15 | 111 | 1631010998 | 9946489840 | “ | എസ്.സി | |
| 113 | 769119 | കലാറാണി | 15 | 61 | 1631011122 | 9946270240 | 9.6.21 | ജനറൽ | |
| 114 | 712316 | ചെല്ലമ്മ | 16 | 104 | 1631011205 | 9496492308 | 12.10.18 | എസ്.സി | |
| 115 | 734340 | മാർത്ത | 16 | 18 | 1631006578 | 0 | 2.11.18 | ജനറൽ | |
| 116 | 798710 | സുബലക്ഷമി | 16 | 97 | 1631009447 | 9563679511 | 3.11.18 | എസ്.സി | |
| 117 | 798737 | സുന്ദർരാജ് | 16 | 108 | 1631047951 | 9061595260 | ലഭ്യമല്ല | “ | |
| 118 | 798788 | ചിന്നമ്മ | 16 | 21 | 1631006745 | 8593817925 | " | ജനറൽ | |
| 119 | 896111 | ബിജിമോൾ | 16 | 28 | 1631056193 | 9744252628 | " | " | |
| 120 | 897389 | അദിരാമൻ | 16 | 106 | 1631058610 | 9895090224 | " | എസ്.സി | |
| 121 | 904483 | മാധവൻ | 16 | 117 | 1631058226 | 9645735455 | 20.3.21 | “ | |
| 122 | 735918 | അയിഷ | 17 | 15 | 1631012109 | 80086162615 | ലഭ്യമല്ല | ജനറൽ | |
| 123 | 799896 | ജോമോൻ / ജോസഫ് | 17 | 32 | 1631007004 | 0 | " | " | |
| 124 | 801062 | വിവേക് ആർ | 17 | 31 | 1631009499 | 8075291174 | " | " | |
| 125 | 898198 | ടി പ്രസാദ് | 17 | 105 | 1631010888 | 9446577871 | " | എസ്.സി | |
| 126 | 804167 | ആമോസ് | 18 | 6 | 1631006409 | 8281703764 | 19.2.19 | ജനറൽ | |
| 127 | 896208 | സുകുമാരൻ കെ | 18 | ----- | 1631005798 | 0 | ലഭ്യമല്ല | ------- | |
| 128 | 898209 | ഉഷ | 18 | ------ | 1631006665 | 0 | " | ------ | |
| 129 | 898570 | അനീഷ് ടി.ജെ | 18 | 21 | 1631055407 | 9744059181 | " | ജനറൽ | |
| 130 | 899758 | അറുമുഖം | 18 | 22 | 1631007006 | 9061973632 | " | " | |
| 131 | 905667 | ഓമന മണി | 18 | 15 | 1631006704 | 9497033045 | " | " | |
| 132 | 905829 | വിജി ജെയിംസ് | 18 | 20 | 1631006097 | 9072724480 | " | " | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 133 | 906917 | ദേവകി | 18 | 100 | 1631006547 | 9526624794 | " | എസ്.സി | |
| 134 | 735240 | ആന്റണി എസ് | 19 | 47 | 1631014699 | 0 | " | ജനറൽ | |
| 135 | 813962 | എൽ രാജൻ | 19 | 49 | 1631006477 | 0 | " | " | |
| 136 | 814018 | ബിജു പി | 19 | 42 | 1631039282 | 9744046517 | " | " | |
| 137 | 898787 | സുബലക്ഷ്മി കൃഷ്ണൻ | 19 | ------ | 1631043741 | 0 | " | ----- | |
| 138 | 899936 | നിർമ്മല | 19 | 38 | 1631043723 | 9744395599 | " | ജനറൽ | |
| 139 | 899942 | ജ്ഞാനമ്മ | 19 | 45 | 1631007048 | 9961406046 | " | " | |
| 140 | 902443 | മാരിയപ്പൻ | 19 | ---- | 1631006635 | 0 | " | ---- | |
| 141 | 734230 | മണി | 19 | ----- | 1631006588 | 8943023225 | " | ---- | |
| 142 | 896796 | രാമലക്ഷ്മി | 19 | 132 | 1631043720 | 9188843566 | " | എസ്.സി | |
| 143 | 899925 | മാരിയമ്മ മണി | 19 | 134 | 1631043735 | 8606425422 | " | " | |
| 144 | 902810 | സെൽവം | 19 | ----- | 1631038219 | 0 | " | ----- | |
| 145 | 902836 | അമൃത രമേഷ്കുമാർ | 19 | 135 | 1631006609 | 9847392904 | " | എസ്.സി | |
| 146 | 910159 | സെൽവം | 19 | 137 | 1631054270 | 8590896648 | 31.3.21 | " | |
| 147 | 734123 | ജ്യോതി | 19 | 139 | 1631006118 | 6238574447 | ലഭ്യമല്ല | എസ്.സി | |
| 148 | 746234 | റൂത്ത് നിർമ്മല റാണി | 20 | 20 | 1631007576 | 9947749348 | 18.07.19 | ജനറൽ | |
| 149 | 746297 | രാജേഷ് | 20 | 111 | 1631043722 | 8078863935 | 13.12.18 | എസ്.സി | |
| 150 | 747109 | കുമാർ | 20 | 52 | 1631054571 | 7025876158 | ലഭ്യമല്ല | ജനറൽ | |
| 151 | 747131 | ഗിരീഷ് | 20 | 38 | 1631043730 | 9961462661 | " | " | |
| 152 | 747154 | ബിബിൻ ബി | 20 | 40 | 1631043679 | 9526650153 | " | " | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 153 | 747197 | ശക്തിവേൽ | 20 | 44 | 1631007545 | 9846803987 | " | " | |
| 154 | 814105 | ഉദയകുമാർ എൻ | 20 | 15 | 1631061883 | 9544414031 | 13.3.19 | " | |
| 155 | 814111 | ചെല്ലപ്പൻ / മുരുകൻ | 20 | 100 | 1631057387 | 9947997805 | 15.12.18 | എസ്.സി | |
| 156 | 814117 | സരസമ്മ | 20 | 36 | 1631007461 | 7558800753 | ലഭ്യമല്ല | " | |
| 157 | 898235 | കൃഷ്ണൻ എം | 20 | 139 | 1631007125 | 9605293570 | 31.3.21 | എസ്.സി | |
| 158 | 902859 | ഇന്ദ്രാണി | 20 | 137 | 1631050826 | 8606723428 | ലഭ്യമല്ല | " | |
| 159 | 905450 | വേലമ്മ | 20 | 41 | 1631059791 | 9656168934 | " | " | |
| 160 | 907181 | ശിങ്കരാജ് | 20 | 39 | 1631007575 | 9526980975 | " | " | |
| 161 | 913198 | രാമലക്ഷ്മി | 20 | 134 | 1631007451 | 9947486892 | 8.7.21 | എസ്.സി | |
| 162 | 772188 | മുത്തുകുമാർ | 21 | 89 | 1631045216 | 9946588260 | ലഭ്യമല്ല | " | |
| 163 | 772193 | സരോജ | 21 | ----- | 1631008262 | 866852978 | " | ---- | |
| 164 | 798424 | സിന്ധു | 21 | 32 | 1631043506 | 9961702829 | " | ജനറൽ | |
| 165 | 798596 | ഭാനുമതി | 21 | 102 | 1631008641 | 9526171541 | " | എസ്.സി | |
| 166 | 892372 | പാൽരാജ് | 21 | ---- | 1631008417 | 9747624397 | " | ----- | |
| 167 | 894281 | ബിനു ഗോപാലൻ | 21 | 100 | 1631057254 | 9562853013 | 31.3.21 | എസ്.സി | |
| 168 | 898415 | ഷെമീർ | 21 | 25 | 1631051340 | 9947837363 | ലഭ്യമല്ല | ജനറൽ | |
| 169 | 898416 | സാവിത്രി | 21 | --- | 1631008629 | 0 | " | ---- | |
| 170 | 903370 | ധനലക്ഷ്മി | 21 | 101 | 1631008001 | 9567139541 | 26.08.21 | എസ്.സി | |
| 171 | 775979 | വർക്കി | 22 | 32 | 1631008526 | 0 | ലഭ്യമല്ല | ജനറൽ | |
| 172 | 777270 | യേശുദാസ് | 22 | ----- | 1631008700 | 7558801088 | " | ---- | |
| 173 | 777277 | മുനിയാണ്ടി ആർ | 22 | ----- | 1631008439 | 9747591445 | " | ----- | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 174 | 798323 | മഹേഷ് | 22 | 128 | 1631051321 | 7356053931 | 23.10.20 | എസ്.സി | |
| 175 | 798341 | സുരേഷ് കുമാർ | 22 | 130 | 1631059860 | 9747804180 | ലഭ്യമല്ല | “ | |
| 176 | 798344 | കൃഷ്ണമൂർത്തി | 22 | 96 | 1631008524 | 9544767257 | 13.12.18 | “ | |
| 177 | 807303 | വിജയമ്മ റജി | 22 | 132 | 1631009280 | 9947782043 | ലഭ്യമല്ല | “ | |
| 178 | 807969 | സുജാത ശശി | 22 | 18 | 1631008863 | 9745186016 | “ | ജനറൽ | അനധികൃതം-ഭർത്താവ് C.R.P.F-ൽ |
| 179 | 898195 | വേലു | 22 | 134 | 1631008715 | 9747617478 | 23.10.20 | എസ്.സി | |
| 180 | 899903 | പശുപതി അയ്യപ്പൻ | 22 | 126 | 1631008558 | 7558800510 | 19.5.20 | “ | |
| 181 | 904191 | പുഷ്പലത | 22 | 123 | 1631055612 | 7561880112 | 23.10.20 | “ | |
| 182 | 902852 | മുനിയാണ്ടി | 22 | 51 | 1631008746 | 9961313494 | ലഭ്യമല്ല | ജനറൽ | |
| 183 | 801229 | മറിയാമ്മ തോമസ് | 23 | 39 | 1631009378 | 9495916389 | " | " | |
| 184 | 801252 | ഷിബുഎസ് | 23 | 36 | 1631009102 | 9747031088 | " | " | |
| 185 | 810710 | കമലം കണ്ണൻ | 23 | 41 | 1631008964 | 8592940570 | " | " | |
| 186 | 897402 | കവിത | 23 | 98 | 1631009234 | 7510967727 | " | എസ്.സി | |
| 187 | 898266 | അയ്യപ്പൻ എം | 23 | 103 | 1631047906 | 6282268187 | 31.3.21 | “ | |
| 188 | 898267 | കെ പുഷ്പരാജ് | 23 | 44 | 1631009035 | 9946636105 | 31.3.21 | ജനറൽ | അധികം സ്ഥലം, 76 സെന്റ് |
| 189 | 898271 | ശശികുമാർ | 23 | 93 | 1631054173 | 9747031087 | ലഭ്യമല്ല | എസ്.സി | |
| 190 | 898272 | രജിനി | 23 | 42 | 1631009147 | 0 | " | ജനറൽ | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 191 | 898273 | എസ് നാഗരാജ് | 23 | 92 | 1631009369 | 9605405440 | " | എസ്.സി | |
| 192 | 898358 | മഹേശ്വരി രവിചന്ദ്രൻ | 23 | ----- | 1631051221 | 0 | " | ----- | |
| 193 | 898359 | മരിയശെൽവം | 23 | 47 | 1631057784 | 8078123143 | 31.3.21 | ------ | |
| 194 | 898364 | തങ്കം | 23 | 100 | 1631009050 | 9544141556 | 26.8.21 | എസ്.സി | |
| 195 | 898598 | മുനിയമ്മ | 23 | 102 | 1631047921 | 9562785664 | 31.3.21 | " | |
| 196 | 899803 | ചിന്താമണി | 23 | 91 | 1631009307 | 9656244529 | 26.8.21 | " | |
| 197 | 902844 | വിജയലക്ഷ്മി | 23 | 97 | 1631009269 | 0 | ലഭ്യമല്ല | " | |
| 198 | 902846 | സാറാസ് രാജ്ജ | 23 | ----- | 1631009293 | 9446891523 | " | ---- | |
| 199 | 902852 | മുനിയാണ്ടി | 23 | ------ | 1631008746 | 9961313494 | " | ----- | |
| 200 | 903365 | ശെൽവമണി | 23 | 43 | 1631064882 | 9562647104 | 26.7.21 | | |
| 201 | 905421 | സി.പാണ്ഡ്യൻ | 23 | 99 | 1631009262 | 9747182835 | ലഭ്യമല്ല | എസ്.സി | |
| 202 | 910388 | സുകുമാർ എസ് | 23 | 94 | 1631009104 | 9562724741 | " | " | |

1-24 കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തി അധ്യാപക-രക്ഷാകർത്തൃ സമിതി പ്രവൃത്തി നടപ്പാക്കിയിരിക്കുന്നു

വണ്ടിപ്പെരിയാർ ഗവൺമെന്റ് എൽ.പി.എസ്.-ന് സ്മാർട്ട് ക്ലാസ് റൂം, വണ്ടിപ്പെരിയാർ ഗവൺമെന്റ് യു.പി.എസ്.-ന് സ്മാർട്ട് ക്ലാസ് റൂം, ഗ്രാമ്പി ഗവൺമെന്റ് എൽ.പി.എസ്.-ന് സ്മാർട്ട് ക്ലാസ് റൂം എന്നീ പദ്ധതികളുടെ ഭാഗമായി ക്ലാസ് റൂം നവീകരണം നടത്തിയിരിക്കുന്നത് അധ്യപക-രക്ഷാകർത്തൃ സമിതി മുഖേനയാണ്. പദ്ധതി വിശദാംശങ്ങൾ താഴെ ചേർക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രവൃത്തികൾ നടപ്പാക്കിയിരിക്കുന്നത്. അധ്യപക-രക്ഷാകർത്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തി എന്ന് പരിഗണിക്കാതെ കരാറുകാരന് നൽകുന്ന ലാഭവും ഓവർഹെഡ് ചാർജ്ജും കൂടി 15% പരിഗണിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും അളവ് എടുത്ത് മൂല്യനിർണ്ണയം നടത്തിയിരിക്കുന്നതും. ഈ പ്രവൃത്തികളിൽ 1% നിരക്കിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം മാത്രമാണ് നികുതി ഇനത്തിൽ ഒടുക്കിയിരിക്കുന്നത്. ഓവർഹെഡ് ചാർജ്ജിനത്തിലുള്ള 2.5% മാത്രമാണ് പരമാവധി അനിവദിക്കാവുന്നത്. പദ്ധതി വിശദാംശങ്ങളും അധികം നൽകിയ തുകയുടെ വിശദാംശങ്ങളും താഴെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര്, പ്രോജക്റ്റ് നമ്പർ | വണ്ടിപ്പെരിയാർ ഗവൺമെന്റ് എൽ.പി.എസ്.-ന് സ്മാർട്ട് ക്ലാസ് റൂം 422/20 | വണ്ടിപ്പെരിയാർ ഗവൺമെന്റ് യു.പി.എസ്.-ന് സ്മാർട്ട് ക്ലാസ് റൂം 423/19 | ഗ്രാമ്പി ഗവൺമെന്റ് എൽ.പി.എസ്.-ന് സ്മാർട്ട് ക്ലാസ് റൂം |
|---|---|---|---|

| | | | |
|---|---|---|---|
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| ബിൽ റഫറൻസ് നമ്പർ/വൗച്ചർ നം. | 19100252013600840969/ 19.11.2019-₹57368/- | 19100252013600840974/ 19.112019-₹172583 | 19100252013601021665/ 31.12.2019-₹94448/- |
| അളവ് ബുക്ക് നം. | 465/18-19 | 25/17-18 | 460/18-19 |
| നിർവ്വഹണം | അധ്യാപക-രക്ഷകർത്തൃ സമിതി | അധ്യാപക-രക്ഷകർത്തൃ സമിതി | അധ്യാപക-രക്ഷകർത്തൃ സമിതി |
| അളവ് ബുക്ക് പ്രകാരമുള്ള മൂല്യം | 57368 | 172583 | 94448 |
| കോസ്റ്റ് ഇൻഡക്സ് 54.9% ഒഴിവാക്കിയുള്ള തുക | 57368x100/154.9 =37035.51 | 172583x100/154.9= 111415.75 | 94448×100÷154.9= ₹60973.53 |
| കരാറുകാരന്റെ ലാഭവിഹിതം,ഓവർഹെഡ് ചാർജ്ജ് എന്നീ ഇനങ്ങളിലുള്ള 15%കുറച്ചുള്ള തുക | 37035.51x100/115 =32204.79 | 111415.75 X100/115= 96883.26 | 60973.53x100/115= 53020.46 |
| ഓവർഹെഡ് ചാർജ്ജ്പരമാവധി 2.5% ഉൾപ്പെടുത്തി അനുവദിക്കാവുന്ന തു | 32204.79x102.5/100= 33009.91 | 96883.26 X102.5/100= 99305.34 | 53020.46 X 102.5/100 = 54345.97 |
| കോസ്റ്റ് ഇൻഡക്സ് 54.9% ഉൾപ്പെടെയുള്ള തുക | 33009.91 X154.9/100=51132.35 | 99305.34 X154.9/100= 153823.97 | 54345.97x154.9/100= 84181.90 |
| അധികം നൽകിയ തുക | 57368-51132 = 6236 | 172583-153824=18759 | 94448-84182=10266 |
| എസ്റ്റിമേറ്റ് തയ്യാറാക്കിയത് | അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ |

ഈ പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയത് സെക്രട്ടറി ആണെങ്കിലും സാങ്കേതിക കാര്യങ്ങളിൽ അദ്ദേഹത്തിന് വൈദഗ്ധ്യം ഇല്ലാത്തതിനാൽ നഷ്ടോത്തരവാദി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനിയർ സാങ്കേതികാനുമതി നൽകിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരാണ്. എന്നാൽ ഈ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടില്ലാത്തതിനാൽ നഷ്ടോത്തരവാദി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ മാത്രമാണ്. ആയതിനാൽ ആകെ നഷ്ടം (6236+18759+10266)₹35,261/- എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനിയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-25 കട്ട നിർമ്മാണ പദ്ധതി അനിശ്ചിതത്തിൽ - അഞ്ച് ലക്ഷത്തിൽപ്പരം രൂപയുടെ യന്ത്ര സാമഗ്രികൾ ജീർണ്ണാവസ്ഥയിൽ

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

| | |
|---|---|
| പദ്ധതി നം. | 241/20 |
| പദ്ധതി | വനിതാ സംരംഭകത്വ ഗ്രൂപ്പ് – കട്ട നിർമ്മാണ യൂണിറ്റ് |
| അടങ്കൽ | ₹5,23,920/- |
| തുക | ₹5,23,920/- |
| ബിൽ നം. & തീയതി | 19100252013700035471, തീ. 05.04.2019 |

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് വനിതാ സംരംഭക ഗ്രൂപ്പിന്റെ പേരിൽ കട്ട നിർമ്മാണ യൂണിറ്റ് നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതിക്കായി പെരുമ്പാവൂർ പെരിയാർ ഹൈഡ്രോളിക് എക്യുപ്മെന്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും ₹5,23,920/- മുതൽ മുടക്കി കട്ട നിർമ്മാണ യന്ത്രം, കോൺക്രീറ്റ് മിക്സർ, ഡൈ സെറ്റ്, ട്രോളി മുതലായവ വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. 902/തീ. 29.03.2019). പദ്ധതി നടത്തിപ്പിനായി ശ്രീമതി മിനി ജയ്മോൻ, മഞ്ചുമല എന്ന വ്യക്തി 141/1 എന്ന സർവ്വേ നമ്പരിലുള്ള ഇരുപത് സെന്റ് സ്ഥലം ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനാധികാരം മലർ ജെ.എൽ.ജി എന്ന വനിതാ ഗ്രൂപ്പിന് 30.07.2019-ലെ കരാർ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ഈ യന്ത്ര സാമിഗ്രികൾ പ്രവർത്തനരഹിതമായി ഗ്രാമ പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്ലാന്റിൽ ഇട്ടിരിക്കുന്നതായി കണ്ടെത്തി. ആയതിന്റെ വിവരം അറിയുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 10/തീ. 05.01.2022) നൽകിയതിന് 06.01.2022-ന് മറുപടി നൽകിയിയിട്ടുണ്ട്. മറുപടിയുടെ പ്രസക്ത ഭാഗങ്ങൾ താഴെ പരാമർശിക്കുന്നു.

1. പദ്ധതി പ്രകാരം 2019-ൽ മലർ ജെ.എൽ.ജി ഗ്രൂപ്പ് തുടങ്ങിയിട്ടുള്ളതും ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ₹10/- നിരക്കിൽ കട്ട നൽകിയിട്ടുള്ളതുമാണ്.

2. 2019-ൽ ഉണ്ടായ പ്രളയത്തിൽ ഷെഡ് പൊളിഞ്ഞുപോയിട്ടുള്ളതാണ്.

3. വാർഡ്-12 മൗണ്ട് സത്രം എന്ന ഭാഗത്ത് വേയ്സ്റ്റ് മാനേജ്മെന്റ് പ്രോജക്ട് നടപ്പാക്കുന്നതിന് രണ്ട് ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

2019 ഓഗസ്റ്റ് മാസത്തിലാണ് പ്രളയം ഉണ്ടായത്. ഈ പ്രളയത്തിൽ ഷെഡ് നശിച്ചുപോയതിനാലാണ് യന്ത്രങ്ങൾ വേയ്സ്റ്റ് മാനേജ്മെന്റ് പ്ലാന്റിൽ കൊണ്ടുപോയി ഇട്ടിരിക്കുന്നത്. വേയ്സ്റ്റ് മാനേജ്മെന്റിൽ നിർമ്മിക്കപ്പെടുന്ന വളം വയ്ക്കുന്ന സ്ഥലത്താണ് ഈ യന്ത്രങ്ങൾ ഇട്ടിരിക്കുന്നത്. രണ്ട് വർഷത്തിലധികമായി ഈ യന്ത്രങ്ങൾ പ്രവർത്തനരഹിതമായ അവസ്ഥയിൽ ഇട്ടിരിക്കുകയാണ്. ഇത് പഞ്ചായത്തിന്റെ നിരുത്തരവാദപരമായ പ്രവർത്തനത്തിന് ഒരുദാഹരണമാണ്. പദ്ധതി പ്രവർത്തനക്ഷമമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

1-26 വക്കീൽ ഫീസ് നൽകിയത് - തുടർ നിരീക്ഷണം നടത്തേണ്ടതാണ്

| | |
|---|---|
| വൗച്ചർ നം. | 21900151 |
| പി.പി.ഒ | 51900143 |
| തീയതി | 06-06-2019 |

| | |
|---|---|
| തുക | ₹15,000/- |

ഗ്രാമ പഞ്ചായത്ത് ഒന്നാം എതിർ കക്ഷിയായുള്ള WP(C)7430/2019 എന്ന കേസ് നടത്തിയതിന് വക്കീൽ ഫീസായി അഡ്വ. അരുൺ തോമസിന് ₹15,000/- നൽകിയിട്ടുണ്ട്. ബഹു. ഹൈക്കോടതി പ്രസ്തുത കേസിൽ 04.04.2019-ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് സമർപ്പിച്ചുകൊണ്ടാണ് അഡ്വക്കേറ്റ് വക്കീൽ ഫീസിന് അപേക്ഷിച്ചിരുന്നത്. പ്രസ്തുത കേസിന്റെ അന്തിമ വിധി നാളിതുവരെയും ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടില്ല. 08.12.2021-ൽ കേസ് വിചാരണയ്ക്ക് എടുത്തതായി ബഹു. ഹൈക്കോടതിയുടെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന കാണുന്നു. കേസ് തീരാതെ തന്നെയാണ് ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്ന ഏറ്റവും കൂടിയ തുക അനുവദിച്ചിരിക്കുന്നത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18.02.2016-ലെ സ.ഉ(കൈ) 36/2016 ഉത്തരവിലെ നിർദ്ദേശാനുസരണം വക്കീൽ ഫീസ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-27 ഒത്തുതീർപ്പിലെത്തിയ കേസിന് പരമാവധി വക്കീൽ ഫീസ് നൽകിയിരിക്കുന്നു. -

| | |
|---|---|
| വൗച്ചർ നം. | 21900038 |
| പി.പി.ഒ | 51900036 |
| തീയതി | 10-04-2019 |
| തുക | ₹15,000/- |

ഗ്രാമ പഞ്ചായത്ത് ഒന്നാം എതിർ കക്ഷിയായുള്ള പീരുമേട് മുൻസിഫ് കോടതിയിലെ OS.283/2017 എന്ന കേസിലേക്കായി വക്കീൽ ഫീസായി അഡ്വ. എൻ. വി. പ്രീതയ്ക്ക് ₹15,000/- നൽകിയിട്ടുണ്ട്. കോടതിയ്ക്ക് വെളിയിൽ കക്ഷികൾ തമ്മിൽ വ്യവഹാരം രമ്യമായി പരിഹരിച്ചതിനാൽ, വാദി കേസ് പിൻവലിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. കോടതി 20-01-2018-ൽ പ്രസ്തുത കേസ് തള്ളി ഉത്തരവായിട്ടുള്ളതാണ്. ഈ കേസിൽ സാക്ഷി വിസ്താരമോ വാദമോ ഉണ്ടായിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കേസൊന്നിന് ₹15,000/- വരെ അനുവദിക്കുന്നതിനാണ് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18.02.2016-ലെ സ.ഉ(കൈ)36/2016 ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നത്. സാക്ഷി വിസ്താരമോ, വാദമോ ഇല്ലാതെ കോടതിക്ക് വെളിയിൽ കക്ഷികൾ തമ്മിൽ വ്യവഹാരം രമ്യമായി പരിഹരിച്ചതിന്റെ അടിസ്ഥാനത്തിൽ ₹15,000/- വക്കീൽ ഫീസായി നൽകിയത് ഉചിതമല്ല. ഇത്തരം സന്ദർഭങ്ങളിൽ സ്ഥാപനത്തിന്റെ സാമ്പത്തിക താൽപര്യം സംരക്ഷിക്കത്തക്ക തീരുമാനങ്ങൾ എടുക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-28 അംഗൻവാടികൾക്ക് കസേര വാങ്ങൽ - അപാകതകൾ

| | |
|---|---|
| പദ്ധതി | (501/20)<br>അംഗൻവാടികൾക്ക് കസേര വാങ്ങൽ |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | ₹1,00,000/-(തനത് ഫണ്ട്) |
| ചെലവ് | ചെക്ക് നം.3806611/27.3.20<br>₹99,736/- (FALA Traders, Vandiperiyar) |

അംഗൻവാടികളിൽ വിവിധ മീറ്റിംഗുകൾ കൂടുന്നതിന് സൗകര്യമൊരുക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. പ്രോജക്ടിനായി

ടെണ്ടർ ക്ഷണിച്ച് ഫലാ ട്രേഡേഴ്സിൽ നിന്ന് 182 കസേരകൾ വാങ്ങിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം ലഭിച്ച 3 ടെണ്ടറുകളിൽ താഴെപ്പറയും പ്രകാരം നിരക്കുകൾ ക്വോട്ട് ചെയ്തിട്ടുണ്ട്.

| | Amless Chairs | | | | Chair With Arm | | | |
|---|---|---|---|---|---|---|---|---|
| സ്ഥാപനം | Ambasider | Nilkamal | Chairman | Arris | Ambasider | Nilkamal | Chairman | Arris |
| ജയ്സൻ ഇംപെക്സ്, കോട്ടയം | 375 | 430 | | 475 | 430 | 460 | | 495 |
| ഫലാ ട്രേഡേർഴ്സ്, വണ്ടിപ്പരയാർ | | 525 | 340, 465 | | | 548 | 390, 490 | |
| ഓർക്കിഡ് കംപ്യൂട്ടേഴ്സ്, മുണ്ടക്കയം | | 350 | 525 | | | 830 | 925 | |

ലഭിച്ച ടെണ്ടറുകൾ പരിശോധിച്ച് 24.02.20-ലെ 3(1) തീരുമാന പ്രകാരം ലഭിച്ച മൂന്ന് ടെണ്ടറുകളിൽ ജയ്സൻ ഇംപെക്സ് ടെണ്ടറിനോടൊപ്പം ഇ.എം.ഡി സമർപ്പിച്ചിട്ടില്ലന്ന കാരണത്താൽ ഒഴിവാക്കുകയും മറ്റ് സ്ഥാപനങ്ങളിൽ നിന്ന് സാമ്പിൾ ഹാജരാക്കുന്നതിനും കത്ത് നൽകുന്നതിനും തീരുമാനിച്ചു. എന്നാൽ ജയ്സൻ ഇംപെക്സ് ടെണ്ടറിനോടൊപ്പം ഈ സ്ഥാപനത്തെ ഇ.എം.ഡി.-യിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള വ്യവസായ വകുപ്പിന്റെ ഉത്തരവ് സമർപ്പിച്ചിരുന്നു. ഈ ഉത്തരവ് പരിഗണിക്കാതിരുന്നതിന് കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/05.01.2022-ന് ലഭ്യമാക്കിയ മറുപടിയിൽ ജയ്സൻ ഇംപെക്സ് സാമ്പിൾ ഹാജരാക്കാതിരുന്നതിനാലാണ് ജയ്സൻ ഇംപെക്സിനെ ഒഴിവാക്കിയതെന്ന് അറിയിച്ചു. ജയ്സൻ ഇംപെക്സിന് സാമ്പിൾ ഹാജരാക്കുന്നതിന് നൽകിയ കത്ത് ഫയലിലില്ല.

2. 13.03.2020-ലെ 8(2) തീരുമാന പ്രകാരം സ്ഥാപനങ്ങൾ ഹാജരാക്കിയ സാമ്പിൾ പരിശോധിച്ച് ഓർക്കിഡ് കംപ്യൂട്ടേഴ്സ്, മുണ്ടക്കയം എന്ന സ്ഥാപനത്തിന് ₹350/- ക്വോട്ട് ചെയ്ത കൈപ്പിടിയില്ലാത്ത നീൽകമൽ കസേരകൾ സപ്ലൈ ചെയ്യുന്നതിന് ഓർഡർ കൊടുക്കാൻ തീരുമാനിച്ചു. എന്നാൽ കസേര നിർമ്മിക്കുന്ന ഫാക്ടറി പ്രവർത്തനം ഇല്ലാത്തതിനാൽ കസേരകൾ സപ്ലൈ ചെയ്യാൻ സാധിക്കില്ലെന്ന് ഓർക്കിഡ് കമ്പനി പഞ്ചായത്തിനെ അറിയിച്ചതായുള്ള കത്തിന്റെ പകർപ്പ് ഫയലിലുണ്ട്. ഈ സ്ഥാപനം സമർപ്പിച്ച ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3. ഫലാ ട്രേഡേഴ്സിന്റെ ബിൽ നം. 245/23.03.2020 പ്രകാരം ₹548/- നിരക്കിൽ 182 കസേരകൾ സപ്ലൈ ചെയ്തതായുള്ള ₹99,736/-യുടെ ബിൽ സമർപ്പിച്ചിട്ടുണ്ട്. കസേരകൾ സപ്ലൈ ചെയ്യുന്നതിന് ഓർഡർ നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഈ അപാകതകൾ നില നിൽക്കുന്നതിനാൽ ₹99,736/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ഉല്യതാ പഠിതാക്കൾക്ക് ഫീസ്, പുസ്തക വിതരണം - ചെലവ് വിവരങ്ങളില്ല

| | |
|---|---|
| പദ്ധതി | (195/20)<br>ഉല്യതാ പഠിതാക്കൾക്ക് ഫീസ്, പുസ്തക വിതരണം |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |
| അടങ്കൽ | ₹1,00,000/-(വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | ബിൽ നം.10/29.02.2020, ₹43,400/- |

ഗ്രാമ പഞ്ചായത്തിലെ പത്താം തരത്തിൽ തുല്യതാ പഠനത്തിൽ ചേർന്നിട്ടുള്ള 14 ഗുണഭോക്താക്കളുടെ ഫീസ്, പുസ്തകങ്ങൾ എന്നിവയ്ക്കായി ₹25,900/- (1850 X 14), പ്ലസ്‌വൺ-ൽ ചേർന്നിട്ടുള്ള 7 പഠിതാക്കൾക്ക് ഫീസ്, പുസ്തകങ്ങൾ (2500 X 7) എന്നിവയ്ക്കായി ₹17,500/- ഉൾപ്പെടെ ആകെ ₹43,400/- ജില്ലാ സാക്ഷരതാ മിഷൻ കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ ചെലവുകൾ യഥാവിധി നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ₹43,400/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കുത്തകക്കാരുമായി കരാർ ചമച്ചില്ല - ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ₹3,51,738/- നഷ്ടം

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് 2019-20 സാമ്പത്തിക വർഷത്തിൽ വാടകയും അനുബന്ധ നികുതികളും ഉൾപ്പെടെ ₹3,51,738/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നമ്പർ | കുടിശ്ശിക വരുത്തിയ കാലയളവ് | പ്രതിമാസ വാടക ₹ | കുടിശ്ശിക മാസങ്ങൾ | വാടകയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ₹ | ജി. എസ്. ടി. (18%) ₹ | പ്രളയ സെസ് ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | അസി. മാനേജർ, സപ്ലൈകോ, വണ്ടിപ്പെരിയാർ | 18/725 | 5/2019 മുതൽ 002/202 വരെ | 6675 | 10 | 66750 | 12015 | 120 | ₹200/- മുഖവിലയുള്ള മുദ്രപ്പത്രത്തിൽ കരാർ ചമച്ചിട്ടില്ല |
| 2 | സെക്രട്ടറി, വനിതാ സഹകരണ സംഘം | 18/726 | 02/2020 | 7435 | 1 | 7435 | 1338 | 13 | ₹200/- മുഖവിലയുള്ള മുദ്രപ്പത്രത്തിൽ കരാർ ചമച്ചിട്ടില്ല |
| 3 | എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഓഫീസ് വണ്ടിപ്പെരിയാർ | 18/735 | 04/2019 മുതൽ 02/2020 വരെ | 20267 | 11 | 222937 | 40129 | 401 | ₹200/- മുഖവിലയുള്ള മുദ്രപ്പത്രത്തിൽ കരാർ ചമച്ചിട്ടില്ല |
| | | | | | ആകെ | 297122 | 53482 | 534 | 600 |
| | ആകെ മൊത്തം (₹) | | | | | 351738 (297122+53482+534+600) | | | |

കുറിപ്പ് :

കോവിഡ് മഹാമാരി പിടിപ്പെട്ടതിനാൽ 03/2020-ലെ വാടക സ.ഉ.(സാധാ.)നം. 276/2020/ഐ.ഡി./ തീ. 30.03.2020 പ്രകാരം സർക്കാർ ഇളവ് അനുവദിച്ചു.

അപാകതകൾ

1. ഗ്രാമപഞ്ചായത്തിന്റെ വിവിധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ കുത്തകക്കാരുമായി ₹200/- മുഖവിലയുള്ള മുദ്രപ്പത്രത്തിൽ കരാർ ചമയ്ക്കേണ്ടതായിരുന്നു.

അനാവശ്യ നിയമ പ്രശ്നങ്ങളും കോടതി വ്യവഹാരങ്ങളും ഒഴിവാക്കുന്നതിന് നിയമhdjകാരമുള്ള കരാർ അനിവാര്യമാണെന്നിരിക്കെ കരാറില്ലാതെ മേൽ സ്ഥാപനങ്ങളെ കുത്തകക്കാരായി തുടരാൻ അനുവദിച്ച നടപടി ക്രമപ്രകാരമല്ല. അനധികൃതമായി തുടരാൻ അനുവദിച്ചതിനാൽ സംസ്ഥാന സർക്കാറിന്

മുദ്രപ്പത്ര തീരുവയിനത്തിൽ ₹600/- നഷ്ടമുണ്ടായി.

2. 18% ജി.എസ്.ടി.- അതിന്റെ ഒരു ശതമാനം പ്രളയ സെസ്സും അടക്കം കുടിശ്ശിക തുക ഈടാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

കരാറിലേർപ്പെടാത്തതിനാലും തുക ഈടാക്കാത്തതിനാലും ₹2,97,122/- ഗ്രാമ പഞ്ചായത്തിന് നഷ്ടമായി മാറിയിരിക്കുകയാണ്. തുടർച്ചയായി കുടിശ്ശിക വരുത്തുന്നവർക്ക് കട മുറികൾ വാടകയ്ക്ക് നൽകരുതെന്ന വ്യവസ്ഥ ലംഘിച്ച് ഇവർക്ക് തുടർന്നുള്ള വർഷങ്ങളിലും കരാറിലേർപ്പെടാതെ തന്നെ വാടകയ്ക്ക് നല്കിയിരിക്കുന്നതായി രജിസ്റ്ററിൽ കാണുന്നു. വാടക സംബന്ധിച്ച ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3. വാടക യഥാസമയം പിരിച്ചെടുക്കാത്തതിനാൽ 2018-19 വരെ ₹4,50,351/- കുടിശ്ശികയായി (2019-20-ലെ AFS - Schedule: B-15 പ്രകാരം) 450,351

കുടിശ്ശിക വരുത്തിയവരെ സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും വാടക രജിസ്റ്ററിൽ ഇല്ല. കടമുറികളുടെ വാടക ദീർഘ കാലയളവിൽ കുടിശ്ശിക വരുത്തുന്നവരെ മാറ്റി നിർത്തി കട മുറി ലേലം ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടാവുന്നു. 2019-20-ലും ഈ പ്രവണത തുടർന്നതിനാൽ

വാടകയിനത്തിൽ ₹2,97,122/-യും ജി.എസ്.ടി. ഇനത്തിൽ ₹53,482/-യും പ്രളയ സെസ്സ് ഇനത്തിൽ ₹534/- മുദ്രപ്പത്ര തീരുവയിനത്തിൽ ₹600/-യും നഷ്ടമുണ്ടായി. കരാറിലേർപ്പെടാതെ തുടർച്ചയായി കുടിശ്ശിക വരുത്തുന്നവർക്ക് കട മുറികൾ വാടകയ്ക്ക് അനുവദിച്ചത് മൂലമുണ്ടായ നഷ്ടം ₹3,51,738/- (297122+53482+534+600) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/06.01.2022) മറുപടി ലഭ്യമാക്കിയില്ല.

2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചത് ഈടാക്കിയതിനാൽ ഗ്രാമ പഞ്ചായത്തിന് ₹8934/- യുടെ നഷ്ടം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ₹50/- നിരക്കിലും അതിൽ കൂടുതൽ തറ വിസ്തീർണമുള്ളവയ്ക്ക് ₹60/- നിരക്കിലുമാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്.

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | ₹50ച.മീ |
| വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | ₹60ച.മീ |

എന്നാൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 203(2)(എ), 2011-ലെ

ചട്ടങ്ങളിലെ, ചട്ടം 4 (1)(iv) എന്നിവ കാണുക). 2019-20 വർഷം നികുതി നിർണ്ണയിക്കപ്പെട്ടതുമായ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നമ്പർ നൽകിയപ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം പരിഗണിക്കാതെ ഓരോ കട മുറിയ്ക്കും പ്രത്യേകമായി കുറഞ്ഞ നിരക്കിലാണ് നികുതി നിർണ്ണയിച്ചത്. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4(1)ൽ പരാമർശിക്കുന്ന തരത്തിൽ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതും മേൽ വിവരിച്ച നിയമ വ്യവസ്ഥകൾ നില നിൽക്കെയാണ് 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ, ഉപയോഗിക്കുന്ന കെട്ടിടങ്ങളെ വിവിധ കട മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിച്ചത് മൂലം താഴെ വിവരിക്കുന്ന 100 ച. മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങളിൽ നിന്ന് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് ₹17,014/- നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. അനീഷ് എസ്., ശ്രീവർണ്ണം, നെല്ലിമല, വാളാർഡി, വണ്ടിപ്പെരിയാർ

| | |
|---|---|
| കെട്ടിട ഉടമയുടെ പേരും വിലാസവും | ശ്രീ. അനീഷ് എസ്., ശ്രീവർണ്ണം<br>നെല്ലിമല, വാളാർഡി, വണ്ടിപ്പെരിയാർ |
| കെട്ടിടത്തിന്റെ വിശദാംശങ്ങൾ | താഴത്തെ നില<br>കട മുറി 1 – 70.44 M2 (7/1003)<br>ഒന്നാം നില<br>കട മുറി 2 – 80.52 M2 (7/1004)<br>രണ്ടാം നില<br>കട മുറി 3 - 80.52 M2 (7/1005)<br>ആകെ കട മുറികളുടെ നിർമ്മിതി വിസ്തീർണ്ണം : - 231.48 M2 |
| നികുതി പ്രാബല്യത്തിൽ വന്ന അർദ്ധവർഷം | 2019-20 ആദ്യ അർദ്ധവർഷം |

വസ്തു നികുതി കുറവായി നിർണ്ണയിച്ച കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം, തറ വിസ്തീർണം | നിർണ്ണയിച്ച നികുതി ₹ | PT | LC | നിർണ്ണയിക്കേണ്ട നികുതി ₹ | PT | LC | കുറവ് | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | നികുതി (PT) | ഗ്രന്ഥശാല വരി (LC) |
| 1 | 7/1003<br>കടമുറി 1 – 70.44 M2 | 70.44x50 = 3522<br>വർദ്ധനവ്+വഴി സൗകര്യം (20%) = 704.4 =4226.4<br>ഇളവ് - ഇല്ല<br>ആകെ നികുതി = 4227<br>ഗ്രന്ഥശാലാവരി = 212 | 4227 | 212 | 70.44 X60 = 4227<br>വർദ്ധനവ്+വഴി സൗകര്യം (20%) = 845.4 = 5072.4<br>ഇളവ് - ഇല്ല<br>ആകെ നികുതി =5073<br>ഗ്രന്ഥശാലാവരി =254 | 5073 | 254 | 846 | 42 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| 2 | 7/1004<br>കടമുറി 2 – 80.52 M2 | 80.52x50 = 4026<br>വർദ്ധനവ്+<br>വഴി സൗകര്യം (20%) = 806 = 4832<br>ഇളവ് -<br>ഒന്നാം നില 5%<br>241.6 = 4590.4<br>ആകെ നികുതി = 4591<br>ഗ്രന്ഥശാലാവരി = 230 | 4591 | 230 | 80.52x60 = 4832<br>വർദ്ധനവ്+<br>വഴി സൗകര്യം (20%) = 967 = 5799<br>ഇളവ് -<br>ഒന്നാം നില 5%<br>289.95 = 5509.05<br>ആകെ നികുതി = 5510<br>ഗ്രന്ഥശാലാവരി =276 | 5510 | 276 | 919 | 46 |
| 3 | 7/1005<br>കടമുറി 3 - 80.52 M2 | 80.52 X50 = 4026<br>വർദ്ധനവ്+<br>വഴി സൗകര്യം (20%) = 806 = 4832<br>ഇളവ് -<br>രണ്ടാം നില 10%<br>483.2 = 4348.8<br>ആകെ നികുതി =4349<br>ഗ്രന്ഥശാലാവരി = 218 | 4349 | 218 | 80.52 X60 = 4832<br>വർദ്ധനവ്+<br>വഴി സൗകര്യം (20%) = 967 = 5799<br>ഇളവ് -<br>രണ്ടാം നില 10%<br>579.9 = 5219.1<br>ആകെ നികുതി =5220<br>ഗ്രന്ഥശാലാവരി = 261 | 5220 | 261 | 871 | 43 |
